Registered No. M-4485 Madras War Review, Malayalam—15-6-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജൂൺ 15-ാംനു, വെള്ളിയാഴ്ച [ലക്കം 39



## ഭാരതീയ ഭടൻ

ചുരുങ്ങിയ അവസരത്തിന്നുള്ളിൽപ്പോലും കാര്യക്ഷമമായി കൃത്യങ്ങൾ നിർവ്വഹിക്കാത്ത ഒരൊററ ഇന്ത്യൻ ഭടവ്യൂഹത്തെപ്പോലും ഞാൻ കണ്ടിട്ടില്ല.

സമരരംഗത്തിലും കാലാവസ്ഥയിലും ഉള്ള സ്ഥിതികളിൽ ഭാരതീയഭടൻ, പ്രദർശിപ്പിക്കുന്ന സഹനത പ്രവൃദ്ധമായ ഒന്നത്രെ.

—ലഫ്ററനൻറ് ജനറൽ സർ ഒലിവർ ലീസ്, സൌത്ത് ഈസ്റ്റ് ഏഷ്യയിലെ കരസൈന്യത്തിൻെറ കമാണ്ടർ, 1945 ജൂൺ 11-ാംനു ഇന്ത്യയിലെ സർവ്വസൈന്യാധിപന്നയച്ച ഒരു കത്തിൽ

# ജപ്പാന്നെതിരായ ഐക്യമുന്നണി

"പൊതു തിരഞ്ഞെടുപ്പുമൂലം ഗവമ്മേണ്ടിൽ ഒരു വിരാമം വന്നിട്ടുണ്ട്. പക്ഷെ അതുമൂലം ജപ്പാന്നെതിരായ സമരത്തിൽ വിജയിക്കുന്നതിന്നു വേണ്ടി ആവതെല്ലാം ചെയ്യണമെന്ന ലേബർ പാർട്ടിയുടെ ദൃഢനിശ്ചയത്തെ തെല്ലും വ്യതിചലിപ്പിച്ചിട്ടില്ല."

—മി: ക്ലെമൻറ് ആററ്ലി, ലേബർ പാർട്ടി നേതാവ്, 1945 ജൂൺ 5-ാം തിയ്യതി ചെയ്ത ഒരു പ്രക്ഷേപണി പ്രസംഗത്തിൽ.

## ഇക്കാര്യത്തിൽ സർവ്വകക്ഷികളും യോജിച്ചിരിക്കുന്നു

ഭാഗ്യവശാൽ എല്ലാ കക്ഷികളും ഈ അന്തർദ്ദേശീയ നയത്തിൽ പൊതുവിൽ യോജിച്ചിരിക്കുന്നു: ജപ്പാന്നെതിരായ യുദ്ധത്തിൽ വിജയിക്കുന്നതിന്നു പരിപൂർണ്ണമായി പങ്കെടുക്കുക, യുദ്ധത്തെ തടയുന്നതിന്നു പ്രബലമായ ഒരു ലോക സംഘടന സൃഷ്ടിക്കുക, എല്ലാ ജനതകളുടേയും സാമൂഹ്യക്ഷേമം സാധ്യമാക്കുക, സൈനികരാഷ്ട്രങ്ങളെ നിരായുധീകരിക്കുക, ഭാവി നന്മയ്ക്കും ലോകരക്ഷയ്ക്കും ആവശ്യമായ സേനയിൽ നമ്മുടെ ഒരു ഭാഗം സേനയെ നിലനിർത്തുക, റഷ്യ, ബ്രിട്ടീഷ് രാഷ്ട്ര സമുച്ചയം, അമേരിക്ക എന്നീ രാഷ്ട്രങ്ങളുമായുള്ള കൂട്ടുകെട്ടിനേയും സഖ്യത്തേയും കൂടുതൽ ദൃഢമാക്കുന്നതിന്നുദ്യമിക്കുക. ഇതാണ് എല്ലാ കക്ഷികളുടേയും പ്രഖ്യാപിത ലക്ഷ്യങ്ങൾ.

—വൈക്കൌണ്ട് സാമുവൽ, ലിബറൽ പാർട്ടി നേതാവ്, 1945 ജൂൺ 6-ാം തിയ്യതി ചെയ്ത ഒരു പ്രക്ഷേപിണി പ്രസംഗത്തിൽ.

---

### സോവിയററ് സമരസാഹിത്യം

# "സത്യത്തിൻെറ കഥ"

ഡോക്ടർ കെ. സി. പത്മാവതി.

സോവിയററു സഹൃദയന്മാർക്കും കവിലോകത്തിന്നും തികച്ചും സുപരിചിതയാണ് മാർഗറിററ് അലിഗർ. ഇവരുടെ സമരകവിതകളെപ്പററി യുദ്ധസഞ്ചികയിൽ കുറച്ചുമാസങ്ങൾക്കു മുമ്പു സംക്ഷിപ്തമായ ഒരു വിവരണം നൽകിയിരുന്നതു പലരും ഇപ്പോഴും ഓർമ്മിക്കുന്നുണ്ടാവും. യുദ്ധത്തിന്നു മുമ്പുതന്നെ മാർഗറിററ് അലിഗർ നവംനവങ്ങളായ ആശയതല്ലജങ്ങളുടെ അലക്കോളിളക്കുന്ന ആസ്വാദ്യവും ആവേശംകരവുമായ കവിതകളാൽ സോവിയററു ജനതയുടെ കണ്ണും കരളും കവർന്നു കഴിഞ്ഞിരുന്നു. അക്കാലങ്ങളിലെല്ലാം സോവിയററു യുവാക്കളുടെ ഒരു വക്താവെന്ന നിലയിലാണ് അവർ പ്രത്യക്ഷപ്പെട്ടിരുന്നത്. താൻ ഏതൊരു തലമുറകളെയാണോ തൻെറ കൃതികൾക്ക് വിഷയമാക്കുന്നത്, അവരിലും മൂന്നിരട്ടി വയസ്സു ഈ കവയിത്രിക്കുണ്ട്. പക്ഷെ, അവരുടെ കൃതികൾക്കു വാർദ്ധക്യത്തിൻെറ ഛായ തീരെയുണ്ടായിരുന്നില്ല. ചോരത്തിളപ്പുററതും ചുറുചുറുക്കോടുകൂടിയതും പുണ്ണയും ചൊടിയുമുള്ളതുമായ ചെറുപ്പക്കാരുടെ ആത്മാവിനെയാണു നിങ്ങളാ കൃതികളിൽ കാണുന്നത്. ഒരു നവീന ജീവിതരീതിയിലേയ്ക്ക് കാലൂന്നിയ, സ്വാഭിമാനവും ആത്മവിശ്വാസവും തിങ്ങുന്ന സോവിയററു യുവാക്കളുടെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഒരു പ്രതിഛായമായിരുന്നു അന്നവരുടെ സാഹിത്യം

യുദ്ധത്തിന്നു മുമ്പെഴുതിയ ആ പദ്യങ്ങളിലെല്ലാം തന്നെ അങ്ങുന്നിങ്ങോളം നെട്ടനീളെ നിഴലിക്കുന്നതു് ചങ്ങാതിത്വം, സ്നേഹം, രാജ്യഭക്തി, സൃഷ്ടിപരമായ കൃത്യങ്ങളിലുള്ള ആനന്ദം സാമൂഹ്യവികാരങ്ങളുടെ പരിശുദ്ധത തുടങ്ങിയ വികാരങ്ങളാണ്. സ്വന്ത നേട്ടങ്ങളിൽ അഭിമാനിതരും, ആ പുതിയ രീതികൾ പ്രദാനം ചെയ്ത സമ്പ്രദായത്തോടു ആദരവുള്ളവരുമായ ഒരു സോവിയററു യുവാവിനെയാണ് ആ കവിതകളിലോരോന്നിലും തന്നെ ചിത്രീകരിക്കപ്പെട്ടിട്ടുള്ളതു്.

എന്നാൽ യുദ്ധകാലത്തു അവർ ഇതേ പദ്ധതി തന്നെയാണ് അംഗീകരിച്ചതു്; ഇന്നും തൻെറ പഴയ സാഹിത്യ രീതിയിൽനിന്നു അണുകിട വ്യതിചലിക്കേണ്ട ആവശ്യം അവൎക്കു വന്നിട്ടില്ല. ഏററവും ഉൽക്കണ്ഠാജനകവും വിപൽക്കരവുമായ 1942 ൽ അവർ സോയകോസ്മോ ഡെമിയൻസ്കയയ്ക്ക് സമർപ്പിച്ച ആ കവനതല്ലജവും സമരകാലത്തെ സോവിയററു യുവാവിൻെറ സവിശേഷ ഗുണങ്ങളെക്കുറിച്ചുള്ള ഒരഭിനന്ദനമാണ്. ഈ കവിതയിലെ ഇതിവൃത്തം 18 വയസ്സുചെന്നവളും, മോസ്കോവിലെ ഒരു വിദ്യാർത്ഥിനിയും ഗളിയോദ്ധയും നാസികളാൽ വധിക്കപ്പെട്ടവളുമായ 'സോയ' തന്നെയാണ്. എന്നാൽ ഒരു പ്രത്യേകമായ—സോവിയററ് സാഹിത്യകാരന്മാരിൽ സാർവ്വത്രികമായിത്തന്നെ ഈ പ്രത്യേകതയുണ്ട്—പ്രതിപാദന രീതിയാണ് അവർ കൈക്കൊണ്ടിട്ടുള്ളതു. സോയയെ മറെറല്ലാ സോവിയററു യുവജനങ്ങളിൽനിന്നും അതീതയും അത്ഭുതാവഹമായ സിദ്ധികളോടുകൂടിയ ഒരു ധീരയുമായിട്ടല്ല അവർ ചിത്രണം ചെയ്യുന്നത്. ഈ മൌലികമായ വ്യത്യാസം സോവിയററ് സാഹിത്യത്തിൽ സംജാതമായതു് അവിടുത്തെ സാമൂഹ്യരീതിയുടേയും, സാംസ്കാരിക ചിന്തയുടേയും സംഘടിത സ്വഭാവമൂലമാണ്. ആയിരമായിരം സോവിയററു യുവജനങ്ങളിൽ അന്തർലീനമായ അതേ രാജ്യഭക്തിയും ത്യാഗമനോഭാവവും സ്വഭാവ വിശേഷവും മാത്രമേ സോയയിലും നമ്മുടെ കവയിത്രി കാണുന്നുള്ളൂ. ആ സോവിയററു യുവജനങ്ങളുടെ പ്രാപ്തമായ ഒരു പ്രതിനിധിയെന്ന നിലയിൽ മാത്രമാണ് നമ്മുടെ മുമ്പിൽ അലിഗറുടെ തൂലികയിലൂടെ സോയ പ്രത്യക്ഷപ്പെടുന്നത്. സോയ ജർമ്മൻകാരാൽ വധിക്കപ്പെട്ടു; കാരണം അവൾ തൻെറ രാജ്യത്തിന്നു വേണ്ടി ഒരു ഒളിഭടയെന്ന നിലയ്ക്ക് പൊരുതി. തൂക്കുമരച്ചോട്ടിലേയ്ക്ക് കൊണ്ടുപോവുന്നതിന്നു മുമ്പു ഫാസിസ്റ്റു ക്രൂരന്മാർ അവളെ മൃഗീയമായ പല ചേഷ്ടകൾക്കും വിധേയയാക്കി. അവൾ സംസാരിക്കണമെന്നു അവർ ആവശ്യപ്പെട്ടു. യാതൊരു ഭീഷണിയും വകവെക്കാതെ, ഏതൊരു ഭീകരതയിലും ഹൃദയം പതറാതെ ആ ധീരബാലിക നിശ്ശബ്ദയായിത്തന്നെ നിന്നു. തങ്ങൾ ചെയ്ത നിർദ്ദയ മർദ്ദനങ്ങളുടേയും അക്ഷന്തവ്യമായ അപരാധങ്ങളുടേയും ഫോട്ടോകൾ അന്നു ജർമ്മൻകാർ തന്നെ എടുത്തിരുന്നു. അതു് കാണുന്നതിൽ അവൎക്കു കൌതുകമുണ്ടായിരിക്കും! അക്കാലങ്ങളിൽ തങ്ങൾ തന്നെ എടുത്ത ഈ ഫോട്ടോകൾ അവൎക്കെതിരായിട്ടുള്ള തെളിവുകളാകുമെന്നു് അവർ ആലോചിച്ചതേയില്ല; കാരണം അവർ വിജയത്തെ സംബന്ധിച്ച് അത്ര മേൽ സുനിശ്ചിതരായിരുന്നു.

സോയ, ആ ബാലികാരക്തസാക്ഷി സോവിയററു ജനതയുടെ ഹൃദയകുടീരത്തിൽ ഇന്നു കുടികൊള്ളുന്നു. സോവിയററു യുവത്വത്തിൻെറ സഹജമായ സർവ്വ സൽഗുണങ്ങളുടേയും മൂർത്തീകരണമാണ് അവൾ.

ആലിഗർ, ഇപ്പോൾ ഒരു പുതിയ കൃതിയും കൂടി അവർ രചിച്ചിട്ടുണ്ട്. ഒരേ ഇതിവൃത്തം തന്നെ, പക്ഷെ പുതിയ ഒരു രീതിയിലും പശ്ചാത്തലത്തിലുമാണ് അതു് അവർ നിർവ്വഹിക്കുന്നത്. "സത്യത്തിൻെറ കഥ" എന്ന പേരിലുള്ള ഒരു നാടകമാണതു്. പദ്യത്തിലെപ്പോലെതന്നെ ഈ നാടകത്തിലും, സോയയെ നാം കാണുന്നു. ശരിയായ വിവരങ്ങളും വസ്തുതകളും ആരാഞ്ഞറിഞ്ഞ്, അതിൻെറ മാത്രം യഥാർത്ഥമായ ഒരു പശ്ചാത്തലത്തിലിരുന്നുകൊണ്ടാണ് അവർ ഈ "സത്യത്തിൻെറ കഥ" എഴുതിയിട്ടുള്ളതു്.

പക്ഷെ പദ്യവും ഈ പുതിയ നാടകവും തമ്മിൽ മൌലികമായ ഒരു വ്യത്യാസമുണ്ട്. നാടകം വിരചിതമായിട്ടുള്ളതു ഒരു സാഹിത്യമെന്ന നിലയിലാണ്. മോക്ഷത്തിൻെറയും അസത്യത്തിൻേറയും അക്രമത്തിൻേറയും എതിരായി സത്യത്തിന്നു കൈവന്ന വിജയമാണ് അതിൽ സത്തയായി അലിഞ്ഞൊഴുകുന്നതു്. ജനകീയ സത്യത്തിൻെറ, ശാശ്വത സത്യത്തിൻെറ, നാടൻ കഥകളിലും ഐതിഹ്യങ്ങളിൽ നിരന്നു കാണുന്ന ആ പരിശുദ്ധ സത്യത്തിൻെറ, രൂപമെടുത്തമാതിരിയാണ് ആ നാടകത്തിൽ സോയ. ഇന്ന് സോവിയററ് ഗായകന്മാരും ജനങ്ങളും ആ സത്യത്തിൻെറ സുന്ദരമായ സംഗീതിമാലകൾ ആലാപിച്ചുവരുന്നു. ഈ നാടകത്തിൽ വേണ്ടത്ര പദ്യങ്ങളും പാട്ടുകളുമുണ്ട്. അതിലെ പ്രധാന പാത്രങ്ങൾ സോയയും അവളുടെ സഹപാഠികളുമാണ്.

ഈ നാടകം സിനിമയാക്കിയിട്ടുണ്ട്. ഈ സംഭവം സോവിയററ് സിനിമാ ലോകത്തിൽ സുപ്രസിദ്ധവും ശോഭനവുമായ ഒന്നാണ്

---

(വ്ലാഡിമിർ എർമ്മിലോവിൻെറ ഒരു ലേഖനത്തെ അവലംബിച്ച് എഴുതിയതു്.)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മകിരാശി: 1945 ജൂൺ 15-ാംനു, വെള്ളിയാഴ്ച

## ജനകീയരീതിയുടെ വിജയം

ഈ ആഴ്ചയിൽ അവൎക്കു വല്ലാത്ത ഒരു നടുക്കമാണുണ്ടായതു്—അശുഭപ്രതീക്ഷകന്മാർ, പുച്ഛരസക്കാർ, വിമൎശകന്മാർ തുടങ്ങിയവൎക്കു്. അവരെല്ലാം ആശങ്കകൾ പുറപ്പെടുവിച്ചു, അനാശാസ്യവും അനാവശ്യവുമായ വാദങ്ങൾ പൊക്കിപ്പിടിച്ചു. പക്ഷെ സാൻഫ്രാൻസിസ്കോ സമ്മേളനം ആ പ്രതീക്ഷകളെ മുഴുവനും തകിടംമറിച്ചു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു വന്ന ജനകീയപ്രതിനിധികളുടെ ആ സമ്മേളനം, വിജയത്തിൽതന്നെ കലാശിച്ചു. പാവപ്പെട്ട, വഞ്ചിതരായ വിമൎശകന്മാർ തലചൊറിഞ്ഞിരുന്നാലോചിക്കാൻ തുടങ്ങി.

എല്ലാ അഭിപ്രായഗതികളും (ശത്രുവിന്റേതൊഴികെ) അവിടെ ആലോചനാവിഷയങ്ങളായി. തുറന്ന ആത്മാൎത്ഥമായ വിവാദങ്ങൾ നടന്നു; പരസ്യമായി അന്യോന്യം വിമൎശിച്ചു. എന്നാൽ അവയിൽനിന്നെല്ലാം രൂപമെടുത്ത അനന്തരഫലം അനുരഞ്ജിപ്പും ഐക്യവുമാണു്. തൽഫലമായി നവീനമായ ഒരു ലോക സംഘടനയ്ക്കു് അഭേദ്യമായ ഒരടിസ്ഥാനമിടുന്നതിന്നു സാധിക്കുകയും ചെയ്തു.

ജനകീയരീതിയിലുള്ള വിവാദത്തിന്റെ വിശിഷ്ടവും വിശ്രുതവുമായ വിജയമാണിതു്. ഫാസിസം ഒരുവിധത്തിലും സന്ധിമനോഭാവത്തിന്നു തയ്യാറാവുകയില്ല. ഫാസിസ്റ്റുകൾക്കു അവരുടെ ആവശ്യങ്ങൾ സാധിതപ്രായമാകാൻ വിഷമങ്ങളുണ്ടാവുമ്പോൾ, അവ ബലം പ്രയോഗിക്കുന്നു. എന്നാൽ മഹൽശക്തികൾ ഏററവും മൌലികവും, കുഴപ്പം പിടിച്ചതുമായ ഗംഭീര പ്രശ്നങ്ങളിലെല്ലാം തന്നെ യോജിച്ചതിന്റെ രഹസ്യം മനുഷ്യത്വതയുടെ മനസ്സാക്ഷി ഉൽബുദ്ധമായിരിക്കുന്നുവെന്നത്രേ.

എന്നാൽ വെറുമൊരു തീരുമാനം മാത്രമല്ല ഉണ്ടായതു്. ലോകത്തിൽ പലയിടത്തും അതിന്റെ പ്രകാശവും പ്രത്യക്ഷവുമായി. ഇസ്റ്റ്റിയട്രീസ്റ്റ് പ്രശ്നം, ലെവൻറിലെ കുഴപ്പം, ഇതെല്ലാം തന്നെ തികച്ചും ശുഭപൎയ്യവസായിയായി കലാശിക്കുന്നതിനുള്ള തെളിവുകളുണ്ടു്. ജൎമ്മനിയിലാവട്ടെ, ബർല്ലിനിൽ വെച്ചു സഖ്യപക്ഷ നേതാക്കന്മാർ സൎവ്വകാൎയ്യങ്ങളിലും യോജിച്ചു പ്രവൎത്തിക്കാൻ തീരുമാനിച്ചു കഴിയുകയും ചെയ്തു.

മഹൽശക്തികളുടെ മാഹാത്മ്യം കിടക്കുന്നതു് അവരുടെ കയ്യിലുള്ള അധികാരശക്തി നല്ല കാൎയ്യങ്ങൾക്കായി വ്യയം ചെയ്യുന്നതിലാണു്. എന്നാൽ അതേ രീതി തന്നെയാണു് അവർ കൈക്കൊള്ളുന്നതും. വളരെ താമസിയാതെത്തന്നെ മറെറാരു സമ്മേളനവും കൂടിച്ചേരുന്നതായിരിക്കും, മോസ്കോവിൽ വെച്ചു്. അപ്പോൾ ഭാവിയെങ്ങിനെയിരിയ്ക്കും? ലോകരേഖ ഒപ്പിട്ടു കഴിഞ്ഞാൽ, ഐക്യരാഷ്ട്ര സംഘടന സമാരംഭിച്ചു കഴിഞ്ഞു. പണ്ടത്തെ ലീഗ് ഓഫ് നേഷൻസിനെപ്പോലെ മരവിച്ചു മുരടിച്ച ഒരു സംഘടനയാവില്ല ഇതു്. തികച്ചും സജീവമായിരിക്കും. ഈ പുതു സംഘടനയുടെ തീരുമാനങ്ങൾ, അതിലെ അംഗങ്ങളെക്കൊണ്ടു അംഗീകരിപ്പിക്കുന്നതിന്നു് അധികാരമുണ്ടു്. സെക്യൂറിററി കൌൺസിലിന്റെ നിയമപരമായ വശം അന്തർദ്ദേശീയ കോടതി നോക്കുന്നതായിരിക്കും. തന്മൂലം സമാധാനം പാലിക്കുകയും തൎക്കങ്ങൾ തീൎക്കുകയും ചെയ്യുന്നതിന്നു വട്ടമേശയ്ക്കരികിൽനിന്നു തന്നെ സാധ്യമായി വരും.

ഐക്യരാഷ്ട്രങ്ങൾ രൂപീകരിച്ച എല്ലാ കമ്മിററികളിലുംവെച്ചു് ഏററവും കാൎയ്യക്ഷമമായതു് സാമൂഹ്യ സാമ്പത്തിക സഹകരണത്തിന്നുള്ള കമ്മിററിയാണു്. ഇന്ത്യയ്ക്കു് വിശിഷ്യ ദക്ഷിണേന്ത്യയ്ക്കു്, സർ എ. രാമസ്വാമി മുതലിയാരെപ്പററി അഭിമാനിക്കാവുന്നതാണു്. ഈ കമ്മിററിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം സൎവ്വജനീനമായ ശ്ലാഘയ്ക്കു് പാത്രമായിരിക്കുന്നു. ഭാവിയിൽ ഏററവും പ്രയോജനപ്രദമായ ഒരു കമ്മിററിയാണു് ഇതു്. സർ മുതലിയാർ പറഞ്ഞതുപോലെ, "അച്ചു നാടുകളിലെ കുട്ടികൾക്കു് ശരിയായ വിദ്യാഭ്യാസം കൊടുത്തിരുന്നുവെങ്കിൽ ഈ യുദ്ധം ഇതേമാതിരി ഉണ്ടാക്കില്ലായിരുന്നു അതിനാൽ ഞങ്ങളുടെ മുഖ്യലക്ഷ്യമായി വിദ്യാഭ്യാസം എടുത്തിരിക്കുന്നു."

ഇന്ത്യയ്ക്കു് ഇതുമൂലം ഏററവും ഉയൎന്ന ഒരന്തസ്സാണു് ഉണ്ടായിട്ടുള്ളതു്. നമുക്കു് ലോകരക്ഷാ സംഘടനയിൽ പ്രാതിനിധ്യമുണ്ടെന്നുമാത്രമല്ല, ഒരു പ്രധാന പങ്കും ചുമതലയും കൂടിയുണ്ടു്.

## ഞങ്ങളുടെ തപാൽപ്പെട്ടി

### "രാമനുകു സീത എപ്പടി?"

രാമായണം ആറു കാണ്ഡവും വായിച്ചു, ഒരാൾ ചോദിച്ചുവത്രേ "അല്ലാ, ശ്രീരാമനും സീതയും തമ്മിലുള്ള ബന്ധം എന്താണു്?" എന്നു. ഇ രസാവഹമായ സംഗതിയാണു് എനിയ്ക്കു് ശ്രീമതി കെ. കെ ജാനകി അമ്മയുടെ "സമരസാഹിത്യം" എന്ന എഴുത്തുവായിച്ചപ്പോൾ ഓൎമ്മവന്നതു്. ഒരാറുമാസക്കാലമായിട്ടുള്ള അതിന്റെ മുമ്പു ഇതെഴുതുന്ന ആൾ യുദ്ധസഞ്ചിക നിൎഭാഗ്യവശാൽ വായിക്കാറില്ലായിരുന്നു. യുദ്ധസഞ്ചികയിലെ ഓരോ വരിയിലുമെന്നുതന്നെ പറയാം സമരസാഹിത്യത്തിന്റെ വ്യാഖ്യാനങ്ങൾ അടങ്ങിയിട്ടുണ്ടു്. പല ലേഖകന്മാരും അവരവരാൽ കഴിയുംവിധം ആ സാഹിത്യവകുപ്പിനെക്കുറിച്ചു എഴുതീട്ടുമുണ്ടു്. ശ്രീമാൻ ഗോവിന്ദനാണു് "ആ അഭിപ്രായഗതിയുടെ അവതാരകനെങ്കിലും" അദ്ദേഹത്തിന്റെ മേൽത്തന്നെ എല്ലാ ആവലാതികളേയും അഴിച്ചുവിടുന്നതു് ശരിയാണൊ എന്നു ഞാൻ സംശയിക്കുന്നു.

"സമരസാഹിത്യവും കൈരളിയും" എന്ന ശ്രീ ഗോവിന്ദന്റെ ലേഖനവും, അതിനെ തുടൎന്നുള്ള മെ: ജി.പി. ശങ്കരമംഗലം, എൻ. ദാമോദരൻ തുടങ്ങിയവരുടെ ലേഖനങ്ങളുമാണല്ലോ ആദ്യമായി സമരകാലസാഹിത്യത്തിന്റെ നാനാവശങ്ങളെപ്പററി ക്രമാനുഗതമായി ചൎച്ച ചെയ്തു നമ്മുടെ മുമ്പിൽകൊണ്ടുവന്നതു്. അതിന്നു ശേഷം പലരും അവരുടെ ചിന്താഗതിയെ ആ വഴിക്കുതന്നെ തിരിച്ചുവിടുകയുംചെയ്തു. എന്നുമാത്രമല്ല വിദേശരാജ്യങ്ങളിലെ പ്രത്യേകിച്ചും സോവിയററ് റഷ്യയിലെ സമരസാഹിത്യത്തെയും സാഹിത്യകാരന്മാരെയുംകുറിച്ചു നിരവധി ലേഖനങ്ങൾ സഞ്ചികയുടെ കോളങ്ങളിൽ പ്രസിദ്ധീകൃതമായിട്ടുണ്ടു്. അലക്സി ടോൾസ്റ്റോയ് മരിച്ചു രണ്ടരമാസം കഴിഞ്ഞതിന്നു ശേഷമാണു് മലയാളത്തിലെ മറെറാരു മാസികയിൽ അദ്ദേഹത്തിന്റെ ജീവചരിത്ര സംക്ഷേപം പ്രസിദ്ധീകരിച്ചതു്. എന്നാൽ യുദ്ധസഞ്ചിക അദ്ദേഹം മരിക്കുന്നതിന്നു മുമ്പുതന്നെ ആ സാഹിത്യകാരന്റെ മഹത്വം മനസ്സിലാക്കിയിരുന്നു. സുപ്രസിദ്ധ യുദ്ധലേഖകനായ ഇല്യ എഹ്റൻബർഗ്ഗിന്റെ ലേഖനങ്ങളോരോന്നും ഗുണപെൎക്കല്യമേറിയ സമരസാഹിത്യശകലങ്ങളല്ലേ ഇതു കൂടാതെയും വിവിധ രാജ്യങ്ങളിലേയും സമരകാലസാഹിത്യത്തെ യുദ്ധസഞ്ചികയുടെ കോളങ്ങൾ സ്പൎശിച്ചിട്ടുമുണ്ടു്. ഉസ്ബെക്കിസ്ഥാനിലെ സമര കവയിത്രികളെപ്പററിയും, റോൾഫ് ഫോക്സ്, ജോൺലെമാൻ തുടങ്ങിയ പ്രഖ്യാത ഗ്രന്ഥകാരന്മാരുടെ അഭിപ്രായങ്ങളും നിരൂപണങ്ങളും യുദ്ധസഞ്ചികയിൽ നിന്നു നമുക്കു കിട്ടുന്നില്ലേ?

എന്തിന്നു്, നമുക്കിനി നമ്മുടെ ചില എഴുത്തുകാരെത്തന്നെ എടുത്തു നോക്കുക. അവരുടെ ലേഖനങ്ങളും കവിതകളും മലയാളത്തിലെ സമരസാഹിത്യശാഖയെ സംപുഷ്ടമാക്കുകയല്ലേ ചെയ്യുന്നതു്?

"വിവ്ലാ ഫ്രാൻസ്" "തേവിയമ്മ," "ഇന്നല്ലെങ്കിൽ നാളെ," "യുദ്ധസേവനം," "ഏജൻറമ്മാവൻ," "ഏക്നയാസൻസാർബസാലേ," "അയാളുടെ ആത്മകഥ," "തങ്കപ്പല്ല്," "പ്രവാകൻ," "നാട്ടിൻപുറത്തെ നെടുവിപ്പുകൾ" എന്നീ ചെറുകഥകളും, "അവളുടെ മറുപടി," "തടവുകാരൻ," "നവവൎഷസന്ദേശം," "ഭടന്റെ ഭാൎയ്യ," "മിഥ്യാബോധം," "കൊടുങ്കാററ്," ഇന്നത്തെ പാട്ടു്," "സ്വപ്നലോകത്തിൽ," "നാസി," "ജയാംബിക," "വീണ്ടും മുന്നോട്ടു," "തീൎത്ഥയാത്ര," "അപേക്ഷ," "സമ്മാനം," "വിജയത്തിന്റെ വിളി," "വിജയലഹരി," "വിഷുക്കണി," "ചിന്താസരണി" തുടങ്ങിയ ഖണ്ഡകവിതകളും ശ്രീ ജാനകിയമ്മ തന്നെയും സഞ്ചികയിൽ എഴുതിയിട്ടുള്ള ചില കവിതകളും "സിനിമയും ലോകമഹായുദ്ധവും," "ഫാസിസ്റ്റ് വിരോധസാഹിത്യം," "ഡാംബാർട്ടിൻ ഓക്സിൽനിന്നു സാൻഫ്രാൻസിസ്കോവിലേയ്ക്കു," "അവരുടെ അവകാശം ആറടി നിലം," "ജപ്പാന്റെ ഉള്ളുകള്ളികൾ," "പരിവൎത്തനത്തിന്റെ പടിവാതില്ക്കൽ," "ശാസ്ത്രവും പൌരോഹിത്യവും" എന്നീ ലേഖനങ്ങൾ, ഇവയൊക്കെ തികച്ചും സമരസാഹിത്യത്തിന്റെ സൃഷ്ടികൾ മാത്രമാണു്. ഇനിയും പല ലേഖകന്മാരുടെയും വിശിഷ്ടങ്ങളായ ലേഖന-കഥാ-കവിതകൾ ഉണ്ടു്. ഇതാണു് സമരസാഹിത്യം. മലയാളഭാഷാ സാഹിത്യസരസ്സിൽ എല്ലാംകൂടി മുങ്ങിത്തപ്പിയാലും, ഇത്രമേൽ വിശിഷ്ടമായ മുത്തുകൾ നിങ്ങൾക്കു ഒരുക്കൂട്ടി ഒന്നിച്ചു കിട്ടുകയില്ല.

യുദ്ധസഞ്ചികയിൽ കുററവും കുറവുകളും ഉണ്ടായിരിക്കാം. ഏതിലാണില്ലാത്തതു്? പക്ഷെ അവയെമാത്രം എടുത്തുപറയുന്നതു് കുറച്ചു കടന്ന കയ്യാണു്. സമരസാഹിത്യത്തിൽ യുദ്ധസഞ്ചികക്കുള്ള സ്ഥാനം സമ്മതിച്ചുകൊടുക്കാതെ നിവൃത്തിയില്ല. മററു പലതിലും അതിന്നു കുറവുകളുണ്ടായിരിക്കാം. പക്ഷെ യുദ്ധസഞ്ചികയുടെ ഉദ്ദേശ്യം എന്താണെന്നുംകൂടി നാം മനസ്സിൽ ഓൎമ്മിക്കേണ്ടതുണ്ടു്.

രാവണൻ ബാലിയുടെ പടുകൂററൻ ശരീരം കണ്ടിട്ടു്, "ഈ കുന്നിന്റെ അപ്പുറത്താണോ അക്കുരങ്ങച്ചാർ" എന്നു ചോദിച്ചുപോൽ! അതുപോലെ ശ്രീമതി ജാനകിയമ്മ സഞ്ചികയിലെ സാഹിത്യമൊക്കെ വായിച്ചു "അല്ല സമര സാഹിത്യം എന്നു പറയുന്നതു് ഏതാണു്" എന്നു ചോദിക്കുകയാണു്. അതുകൊണ്ടു യുദ്ധസഞ്ചികയുടെ ഒരു വായനക്കാരനും എളിയ ലേഖകനുമായ ഈയുള്ളവന്നു് കൊടുക്കാനുള്ള മറുപടി ഇതാണു്, "മലയാള ഭാഷയിലെ 'സമരസാഹിത്യ'മാണു് യുദ്ധസഞ്ചികയിലെ സാഹിത്യം."

ലക്നൌ,
1945 ജൂൺ 5-ാംനു.

എന്നു, വിധേയൻ,
കെ. ജി. രാമൻ നായർ.

[ഈ എഴുത്തിന്റെ പലഭാഗങ്ങളും വെട്ടിത്തിരുത്തേണ്ടിവന്നിരിയ്ക്കുന്ന സംഗതി, വ്യസനസമേതം പ്രസ്താവിച്ചുകൊള്ളട്ടെ.—യു.സ.പ.]

# ആഴ്ചക്കുറിപ്പുകൾ

## ജപ്പാനിലെ സ്ഥിതി

ജപ്പാനീസ് ഫാസിസത്തിന്റെ കൃത്യങ്ങൾ ഈയിടെയായി തികച്ചും ദയനീയമായി—ഇററലിയിലേയും ജമ്മനിയിലേയും പോലെത്തന്നെ, കാണപ്പെടുന്നു. ശനിയാഴ്ച മുതൽ യാതൊരു വിധത്തിലുള്ള പാർല്ലിമെണ്ടറി രീതികളും ജപ്പാനിൽ ശേഷിക്കുന്നില്ല. പട്ടാള നിയമഭരണമാണ് അവിടെ നടപ്പിൽ വരുത്തിയിട്ടുള്ളതു്. സഖ്യശക്തികളുടെ ആക്രമണം ആസന്നമായെന്ന വിശ്വാസത്തിൽനിന്നാണ് ഈ സൈനിക സ്വേച്ഛാധിപത്യം രൂപീകൃതമായിട്ടുള്ളതു്. കൊച്ചു വിദ്യാർത്ഥികളെക്കൂടി സൈനികസേവനത്തിന്നു ചെയ്യുക, ജനങ്ങളെ ആത്മഹത്യാപരമായ പ്രതിരോധത്തിന്നു പ്രേരിപ്പിക്കുക, ഇതെല്ലാം ഇന്നത്തെ ജപ്പാനിലെ രീതികളാണ്. ജപ്പാൻ ഇതേവരേയും "ജനകീയത്വാവേഷം" കെട്ടിഞെളിയാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇന്നു അന്നാട്ടുകാർക്ക് പോലും ആ നാട്യം എത്ര മാത്രം പൊള്ളയായിരുന്നുവെന്നു വ്യക്തമായിരിക്കണം.

രണ്ടാഴ്ച മുമ്പു ടോക്കിയോ റേഡിയോ പ്രസ്താവിക്കുകയുണ്ടായി, ഒക്കിനാവസമരം എത്ര പ്രാധാന്യമേറിയതാണെന്ന്. എന്നാൽ ഇപ്പോൾ സ്വരം മാറിയിരിക്കുന്നു. ഒക്കിനാവ ജപ്പു ദ്വീപുകളുടെ സംരക്ഷയ്ക്കു വലിയ വിപത്തൊന്നും ഉണ്ടാക്കുകയില്ലെന്ന് അവർ പറയുന്നു. കാരണം എന്തെങ്കിലും "മുട്ടുഞായങ്ങൾ" അവർക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. സഖ്യശക്തികൾക്കവിടെ കിട്ടിയ വിജയങ്ങളെ മറേറതുവിധത്തിൽ അവർ വ്യാഖ്യാനിക്കും? ഫോർമോസ "ഒരു അഭേദ്യമായ കോട്ട" യാക്കിത്തീർത്തിരിക്കുന്നുവത്രേ; പൌരസ്ത്യയിലെ കോട്ടയാണത്രേ ജപ്പാൻ. പക്ഷെ സൂപ്പർഫോട്രസ് വിമാനങ്ങൾക്കു കോട്ടച്ചുമരുകൾക്കൊണ്ടൊന്നും യാതൊരു ക്ലേശവുമില്ലെന്നു ഒരുപക്ഷേ ജാപ്പുകൾക്കറിഞ്ഞുകൂടായിരിക്കാം.


## ആസന്നമായ ആ വമ്പിച്ച ആക്രമണം

താമസിയാതെത്തന്നെ ജപ്പാന്നെതിരായി ഒരു വമ്പിച്ച ആക്രമണം ഉണ്ടാവും. അതിന്നുവേണ്ട സജ്ജീകരണങ്ങൾ ധൃതഗതിയിൽ ചെയ്തുവരുന്നുമുണ്ട്. യൂറോപ്പിൽനിന്നു സേനകളും സാമഗ്രികളും പാസഫിക്കിലേക്കു നീക്കം ചെയ്യുന്നതാണെന്ന് കഴിഞ്ഞ ആഴ്ചയിൽ പ്രസിഡണ്ട് ട്രൂമാൻ പ്രഖ്യാപിക്കുകയുണ്ടായി—പാസഫിക്കിൽ ഇപ്പോൾത്തന്നെ 200 യുദ്ധക്കപ്പലുകളുണ്ട്. ബ്രിട്ടീഷ് വിമാനങ്ങളും ധാരാളമായി അവിടെയെത്തുന്നതാണെന്നറിയപ്പെടുന്നു. അവയിൽ സൂപ്പർ ഫോട്രസ്സിന്റെ കൂട്ടുകാരനും ലോകത്തിൽവെച്ച് ഏററവും വമ്പിച്ച 10 ടൺ വലുപ്പമുള്ള ബോംബുകളെറിയുന്ന ലിങ്കൺ വിമാനങ്ങളുമുണ്ടാവും. ജമ്മനിയ്ക്കെതിരായ യുദ്ധത്തിൽ ഉപയോഗിച്ച എല്ലാ സാമഗ്രികളും സവിശേഷായുധങ്ങളും ഇപ്പോൾ പാസഫിക്കിലെത്തും. ദൂരത്തിന്റെ ഒരു പ്രശ്നമുണ്ട്. 14,000 നാഴിക ദൂരം. പക്ഷെ അതൊരു വിഷമകരമായ പ്രശ്നമല്ലാതായിരിക്കുന്നു.

## ബമ്മ സമരം

ബമ്മ സമരം ഇപ്പോൾ ഭൂമിശാസ്ത്രപരമായ ഗണനകൾക്കു വിധേയമായിരിക്കയാണ്. ഈ ഉപാധിയെ ആശ്രയിച്ചാണ് സൈനിക പ്രവത്തനങ്ങളും കൂടിയിരിക്കുന്നതു്. ബമ്മയുടെ വടക്കും തെക്കും നദികളും പവ്വതനിരകളുമുണ്ട്. ഐരാവതിയ്ക്കരികിലുള്ള ശത്രുസേനകളെ ആട്ടിയോടിച്ചു കഴിഞ്ഞു. തന്മൂലം ശത്രുവ്യൂഹങ്ങളുടെ പിന്നണിയിൽ എത്തിച്ചേരുന്നതിന്നു നമുക്കു സാധ്യമായി. അങ്ങിങ്ങായി ചിതറിക്കിടക്കുന്ന 20,000 ശത്രുഭടന്മാരുണ്ട്.

## ലോകമഹാ യുദ്ധം




ക്ഷാൻ, പെഗ്ഗുമോമത് എന്നീ പവ്വതനിരകൾക്കരികിൽ അവശേഷിച്ച ജാപ്പുകൾ കിണഞ്ഞു ചെറുത്തുവരുന്നു. രക്ഷപ്പെടാൻ ശ്രമിക്കുന്ന ശത്രുസേനകൾ മൊത്തം 130,000 ഉണ്ടെന്നു കണക്കാക്കിയിരിക്കുന്നു. ബമ്മയുടെ ഭൂമി ശാസ്ത്രപരമായ കിടപ്പും കാലാവസ്ഥയുമാണ് ആ നാട്ടിൽനിന്നും മുഴുവൻ ശത്രുക്കളെയും കീഴടക്കുന്നതിന്നു തൽക്കാലം വിഘാതമായി നിൽക്കുന്നതു്. ഇതിനിടയിൽ ബമ്മയിൽ പുനനിമ്മാണ കൃത്യങ്ങൾ മുറക്കു നടന്നുവരുന്നു. ആ കൃത്യങ്ങളിൽ പ്രധാന പങ്കു വഹിക്കുന്നതു് മദ്രാസുകാരാണ്.

## യൂറോപ്പിലെ പ്രശ്നങ്ങൾ

ഒരായിരം പ്രശ്നങ്ങൾക്കു ഇന്നു യൂറോപ്പിൽ പരിഹാരം കണ്ടേത്തേണ്ടതുണ്ട്. ഇതോർക്കുമ്പോൾ, അവയൊക്കെ തീരുന്നതിന്നു എത്ര സമയം പിടിക്കുമെന്ന് അതിശയിക്കാതിരിക്കാൻ സാധ്യമല്ല. അവിടുത്തെ രാഷ്ട്രീയ പ്രശ്നങ്ങൾ കെട്ടു പിണഞ്ഞു നൂലാമാല പിടിച്ചു കിടക്കുന്നു. അവയെ വിസ്മരിക്കാനോ വിഗണിക്കാനോ യാതൊരു നിവൃത്തിയുമില്ല. ഹിററ്ലറിസം സൃഷ്ടിച്ച സാമൂഹ്യസ്തംഭനത്തിന്റെ അനന്തരഫലങ്ങളായ അവ, ശരിയാംവിധം നോക്കാത്തപക്ഷം, കൂടുതൽ കുഴപ്പങ്ങളും വിഷമങ്ങളും ഉണ്ടാക്കിയേക്കും. സഖ്യശക്തികൾ ഇതിന്നു വേണ്ട പല പദ്ധതികളും പ്രായോഗികരീതികളും അംഗീകരിച്ചുവരുന്നു.

ജമ്മൻകാരുമായി ഇടപഴകി കൂടെന്നതാണ് ഫീൽഡ് മാർഷൽ മണ്ട്ഗോമറിയുടെ മതം; എന്നാൽ മാത്രമേ ജമ്മൻകാർക്കു തങ്ങളുടെ അപരാധത്തെപ്പററി തികച്ചും ബോധ്യപ്പെടുകയുള്ളൂ. മാർഷൽ ഷുക്കോവ് അംഗീകരിച്ച രീതി ഇതിൽനിന്നു കുറച്ചു വ്യത്യസ്തമാണ്. 'വലിയ അപകടക്കാരല്ലാത്ത' ജമ്മൻകാരുടെ സഹകരണം നേടുന്നതിന്നു റഷ്യക്കാർ ശ്രമിച്ചുവരുന്നു.

കൂടാതെ, ജമ്മൻ തടവുകാർക്ക് പണികൊടുക്കുക, പട്ടാളത്തെ പിരിച്ചുവിടുക, അന്യനാട്ടുകളിൽനിന്നു നാസികൾ കൊണ്ടുവന്നിട്ടുള്ള 30,000,000 വേലക്കാരെ അവരവരുടെ നാട്ടിലേക്കു പറഞ്ഞയക്കുക, തുടങ്ങിയ കാര്യങ്ങളുമുണ്ട്. ഇവയ്ക്കു പുറമെ ഭക്ഷണപ്രശ്നവും. സർ വാൾട്ടർ സിട്രൈൻ ഒരു പ്രസ്താവനയിൽ പറഞ്ഞപോലെ, പാശ്ചാത്യ സഖ്യശക്തികൾ സ്വതന്ത്രരായ ജനങ്ങൾക്കു ചെയ്ത വാഗ്ദത്തപ്രകാരം ബ്രിട്ടീഷ്കാർക്കു ഇന്നുള്ളതിൽ പാതിയെങ്കിലും ഭക്ഷണം അവർക്കു കൊടുക്കണമെങ്കിൽ, ബ്രിട്ടീഷു ജനങ്ങളുടെ ഭക്ഷണത്തിൽനിന്നു കുറവാക്കേണ്ടി വരും. യു. എൻ. ആർ. ആർ. എ. വിദഗ്ദ്ധന്മാരെ അഭിമുഖീകരിക്കുന്ന ഒരു ഭാഗീരഥപ്രശ്നമാണിതു്.

## ലേഖകന്മാർ ശ്രദ്ധിക്കുവാൻ

(1) യുദ്ധസഞ്ചികയിൽ പ്രസിദ്ധീകരണാർത്ഥം അയക്കുന്ന ലേഖനങ്ങൾ വൃത്തിയായി മഷിയിൽ എഴുതി അയക്കണം.


(2) ലേഖനങ്ങൾ തിരിച്ചുകിട്ടണമെന്നു ആവശ്യമുള്ളവർ അതിന്നുവേണ്ട തപാൽമുദ്രയും, ലേഖനത്തോടൊന്നിച്ചു അടക്കം ചെയ്യേണ്ടതാണ്.

(3) പട്ടാളക്കാരായ ലേഖകന്മാർ തങ്ങളുടെ ഓഫീസർ കമാണ്ടിങ്ങ് മുഖാന്തിരം അയക്കുന്ന ലേഖനങ്ങളേ പ്രസിദ്ധീകരണയോഗ്യമാവുകയുള്ളൂ.

(4) ആവശ്യം വേണ്ടിവരുന്ന മാററങ്ങൾ വരുത്തുന്നതായിരിക്കും.

(5) ലേഖകന്റെ മുഴുവൻ പേരും മേൽവിലാസവും ഇല്ലാത്ത യാതൊന്നും തന്നെ പ്രസിദ്ധീകരിക്കപ്പെടുന്നതല്ല.

## ഇങ്ങിനെ കാണുക




# സിദ്ധാർത്ഥ സൂക്തങ്ങളുടെ രംഗപ്രവേശം

(കെ. സി. കെ. പണിക്കർ.)

യുദ്ധത്തിന്റെ ഫലം ന്യൂനമോ അന്യൂനമോ ആയിരിക്കട്ടെ നമ്മൾക്കു ഒരു തരക്കേടും ഉണ്ടാകാതിരുന്നാൽ മതി, എന്ന് പറഞ്ഞിരുന്ന പലരും വിജയത്തിൽ തന്നത്താനറിയാതെതന്നെ പലതും പ്രവചിച്ചിട്ടുണ്ട്. അവർ ആ സന്തോഷവൃത്താന്തത്തിൽ മതിമറന്നാഹ്ലാദിച്ചിട്ടുണ്ട്.

കാർമേഘപടലങ്ങളാലിരുളടഞ്ഞും, ഭയങ്കരമായ ചുഴലിക്കാററിൽ, പൊടിപടലത്തിൽ, ദിങ്മുഖങ്ങൾ ഭീഭത്സമായിത്തീർന്നും പെയ്യും പെയ്യാതെയുമുള്ള മഴയിൽ അസഹ്യമായും പ്രകൃതി കുറച്ചിട നിലനിന്നു എന്നു വരട്ടെ: അങ്ങിനെ ദിനരാത്രങ്ങൾ കഴിയട്ടെ, പിന്നീട്ട മറെറാരു പ്രഭാവത്തിൽ കാർമേഘപടലങ്ങളൊഴിഞ്ഞു ഉദയവേദിയിൽനിന്നു എത്തിനോക്കുന്ന സൂര്യഭഗവാന്റെ ചെങ്കിരണങ്ങൾ ഭൂലോകത്തെ തൊട്ടു തലോടുമ്പോൾ, പുളകംകൊണ്ടു സസ്യലതാദികൾ മന്ദാനിലനിൽ നൃത്തം ചവിട്ടുമ്പോൾ, ഹാ അതെത്ര നയനാനന്ദകരമായിരിക്കും, ഇല്ലെ? അതു പ്രകൃതിയല്ലെ? എങ്കിലും കാററടിച്ചു കടപുഴങ്ങി നിലംപതിച്ച വൃക്ഷങ്ങളുടെയും തൽഫലമായുണ്ടായ നഷ്ടങ്ങളുമാണ് പിന്നീട്ട നമ്മളുടെ നേത്രപഥത്തിൽ നിഴലിക്കുന്നതു്.

അനന്യസാധാരണമായ ഫാസിസത്തിന്റെ മൃഗീയത, ചൂഷകവഗ്ഗത്തിന്റെ ജൃംഭിതമായ തത്വശാസ്ത്രം, അതു യൂറോപ്പിനെ എന്നുതന്നെയല്ല, ലോകത്തെ ആകമാനം തലകീഴ്മറയ്ക്കുവാൻ ശ്രമിച്ചു. പക്ഷെ ഫലമെന്തായി? നീരക്ഷീരസുധാശോഭിതമായ മണിമന്ദിരങ്ങൾ, നീകാശകാശസങ്കാശമായ പുഷ്പവാടികൾ, എത്തിന്നധികം അത്യുന്നതമായ കീർത്തിയിൽ പരിലസിക്കുന്ന അവരുടെ വിവിധനഗരങ്ങൾ, അവർ നശിപ്പിച്ചതിനോടൊപ്പം നശിച്ചു ചാമ്പലടിഞ്ഞു. യൂറോപ്പിൽ ഉത്തരോത്തരം വദ്ധമാനമായിത്തീർന്ന നാസികളുടെ ശക്തി എന്നന്നേക്കുമായ് തിരോധാനം ചെയ്തു. മാത്രമല്ല, അവരേക്കാൾ ഭയപ്പെടേണ്ടതായ അവരുടെ തത്വശാസ്ത്രം സമത്വവാദത്തിനോടുള്ള ഉരമ്മലിൽ അതിന്റെ പൂച്ച് ലോകത്തിന്നു വെളിപ്പെടുത്തി. അവർ ചെയ്ത കൂട്ടക്കൊലകളുടെയും, കൊടുമകളുടെയും ഫലം അവരനുഭവിച്ചു. ലോകത്തിന്നു മുമ്പിൽ അവർ തെററുകാരായി അവരുടെ വീരപരാക്രമങ്ങൾ പൈശാചികതയുടെ മൂദ്ധന്യതയെന്നറിയപ്പെട്ടു. ഇന്നു യൂറോപ്പ് സ്വാതന്ത്ര്യത്തിന്റെ ചന്ദ്രികയിൽ സുഖശയനം കൊള്ളുകയാണ്. സമാധാന മന്ദാനിലൻ സൌരഭ്യവാഹിയായി ചുററി സഞ്ചരിക്കുന്നു. എന്നാൽ ഈ സമയത്തുകൂടി കരിഞ്ചണ്ടിയെ ശരണം പ്രാപിക്കുന്ന ചില മണ്ഡൂകപ്രമുഖന്മാരില്ലായ്കയില്ല. അവരെ തേടിപ്പിടിക്കുക. അവരുടെ തത്വശാസ്ത്രം എന്നന്നേക്കുമായി നശിപ്പിക്കുക. എന്നാൽ ലോകം—പരിണാമ ഫലോല്ക്കരം പരിലസിച്ചു പരിമളവാഹിനിയായി പ്രശോഭിക്കും. ഇവിടെ മറെറാന്നു സ്മത്തവ്യമാണ്, ജപ്പാന്റെ കുതന്ത്രങ്ങൾ. അതെ അതു തകക്കാനും ക്ഷിപ്രസാദ്ധ്യമാണ്. മലവെള്ളത്തെ മണലണയ്ക്കു തടുക്കുവാൻ സാദ്ധ്യമല്ല. ജപ്പാൻ നിട്ടയരീതി നമ്മളുടെ കണ്ണിൽ, അതെ ലോകസമക്ഷത്തിൽ, ദണ്ഡനമസ്കാരം ചെയ്തു ക്ഷമായാചനയോടെ, വിദൂരമല്ലാത്ത ഭാവിയിൽ പിൻവലിയ്ക്കും. അപ്പോൾ ആ സിദ്ധാർത്ഥസൂക്തങ്ങൾ വീണ്ടും രംഗപ്രവേശം ചെയ്യും.

## ചിരിയും ചിന്തയും

"കുഞ്ഞേ, ഭഗവാനെ പ്രാർത്ഥിച്ചിട്ടു വേണം കിടന്നുറങ്ങാൻ" കുട്ടിയോടു അമ്മ ശാസിച്ചു.

"ദൈവമേ, ലാഹോർ മദ്രാസ് സംസ്ഥാനത്തിന്റെ തലസ്ഥാനമാക്കണേ" കുട്ടി പ്രാർത്ഥിച്ചു.

അത്ഭുതത്തോടെ അമ്മ ഈ പ്രാർത്ഥനയുടെ കാരണം ചോദിച്ചു.

"അമ്മേ എന്റെ പരീക്ഷക്കടലാസിൽ ഞാനങ്ങിനെയാണ് എഴുതിയിരിക്കുന്നതു്."

* * *

ശ്മശാനത്തിൽ കുറെ പുഷ്പങ്ങൾ കൊണ്ടുവെച്ചു മടങ്ങിവരുന്നവഴിയ്ക്കു് പുഴയ്ക്കരികിൽ ഒരു ഹിന്ദു ചോറ് കൊണ്ടു ബലിയിടുന്നതുകണ്ടു ചോദിച്ചു:

"നിങ്ങളുടെ സ്നേഹിതൻ ഉണ്ണാൻ വരുന്നതെപ്പോഴാണ?"

"തന്റെ മുത്തച്ഛൻ പൂ വാസനിക്കാൻ വരുമ്പോൾത്തന്നെ" ഹിന്ദു മറുപടി പറഞ്ഞു.

* * *

കാർ തട്ടി വീണ കിഴവി ഡ്രൈവർക്ക് കാർ ശരിയ്ക്കു് ഓടിക്കാൻ വയ്യെന്നു ആക്ഷേപിച്ചു.

"അത് വെറും പൊളിയാണ്" ഡ്രൈവർ പ്രതിഷേധിച്ചു. "ഞാൻ വളരെക്കാലം പരിചയിച്ച ഒരു ഡ്രൈവറാണ്. യുദ്ധം ആരംഭിച്ച മുതൽ ദിനംപ്രതി ഞാൻ കാറോടിക്കാറുണ്ട്."

"അതിൽ അത്ര പൊങ്ങച്ചമൊന്നും പറയാനില്ലെടോ!" കിഴവി അല്പം ശുണ്ഠിയും വാശിയും കലന്ന സ്വരത്തിൽപ്പറഞ്ഞു, "ഞാൻ പരിചയം സിദ്ധിച്ച ഒരു നടത്തക്കാരിയാണ്. 70 കൊല്ലമായി ഞാൻ നടക്കാൻ തുടങ്ങിയിട്ട്."

* * *

പ്രാതൽ കഴിക്കുമ്പോൾ മി. ബ്രൌൺ താൻ മരിച്ചുവെന്നു ഒരു പത്ര റിപ്പോർട്ട് കണ്ടു. ആയാൾ തന്റെ ചങ്ങാതിയും ലേഖകനുമായ സ്മിത്തിനെ ഫോൺ ചെയ്തു.

"ഹലോം സ്മിത്ത്! പത്രത്തിൽ നിങ്ങൾ എന്റെ മരണവാർത്ത കണ്ടുവോ?"

"ഉവ്വ്" സ്മിത്ത് മറുപടി പറഞ്ഞു. "നിങ്ങൾ എവിടെനിന്നാണ സംസാരിക്കുന്നതു്?"

* * *

"വേൽസിന്നും, സ്കോട്ട്ലാണ്ടിന്നും, ഐർലണ്ടിന്നുമൊക്കെ സ്വയംഭരണം വേണം" ലോയിഡ് ജോർജ്ജ് പ്രസംഗിക്കുന്നകൂട്ടത്തിൽ പ്രസ്താവിച്ചു.

"നരകത്തിന്നും കൂടി സ്വയംഭരണം" സദസ്യരിൽ ഒരാൾ ഇടയിൽക്കടന്നു പറഞ്ഞു.

ലോയിഡ് ജോർജ്ജ് തിരിച്ചടിച്ചു, "തന്റെ രാജ്യത്തിന്നുവേണ്ടി വാദിച്ച ആ മനുഷ്യനെ ഞാനഭിനന്ദിക്കുന്നു!"

* * *

കവി: ചിലർ പ്രശംസയ്ക്കുവേണ്ടി വായിൽ വെള്ളമിറക്കിക്കഴിയുന്നു. മററുചിലർ അറിവിന്നും.

ആധുനിക യുവതി: "എല്ലാവരും വായിൽ വെള്ളമിറക്കിക്കൊണ്ടിരിക്കുന്ന ഒന്നുണ്ട്."

കവി: "അതെന്താണ്, പ്രേമമോ?

ആധുനിക യുവതി: "അല്ല, ഉണക്കമത്സ്യം."

## അബദ്ധം

കഴിഞ്ഞ യുദ്ധസഞ്ചികയിൽ 12-ാമത്തെ പേജിലെ ശ്ലോകത്തിൽ മൂന്നാം വരിയിൽ ഒരു വമ്പിച്ച പ്രമാദം പററിയതിൽ ഞങ്ങൾ വ്യസനിക്കുന്നു. അതു് "പാരതന്ത്ര്യം മഹാന്മാർക്ക്" എന്നു തിരുത്തി വായിപ്പാനപേക്ഷ.

# മനുഷ്യന്റെ ചില വികാരങ്ങൾ

(സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.)

പ്രകൃതിയിൽ ഏകാന്തനായി ജീവിതമാരംഭിച്ച മനുഷ്യൻ കൃത്രിമത്വത്തിന്റെ പരമകോടിയിലേക്കു കുതിച്ചു പായുകയാണ്. അന്നത്തെ ഭാഷ, വസ്ത്രം, ഭക്ഷണം തുടങ്ങി സ്വന്തം ആശയങ്ങൾപോലും വഴിവക്കിലേക്കു വലിച്ചെറിയുവാനും പുതിയവ കൈക്കൊള്ളുവാനും അയാൾ ഇന്നു സന്നദ്ധനാണ്. സുഖഭാഗ്യങ്ങളുടെ നിവാസസ്ഥാനം അവിടെയായിരിക്കുമെന്ന 'മൃഗതൃഷ്ണ'യാണ് അയാളെ ഈ സാഹസത്തിന്നു പ്രേരിപ്പിക്കുന്നത്. ഈ ത്വരിതപ്രയാണത്തിൽ അയാളുടെ പ്രകൃത്യാലുള്ള ചില വികാരങ്ങൾക്കു വന്നിട്ടുള്ള രൂപഭേദങ്ങളെ മാത്രം വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം. അരോഗദൃഢനും മഹാകായനുമായ ആ ആദിമനുഷ്യൻ ഇന്നുള്ളവരുടെ ദൃഷ്ടിയിൽ രാക്ഷസവേഷധാരിയാകലാം. എന്നാൽ ഇന്നത്തെ മനുഷ്യന്റെ കൃശഗാത്രതയും മാറാരോഗങ്ങളും മൂലമാണ് ആ ആദിമനുഷ്യനെ അയാൾ രാക്ഷസപ്രകൃതനായി പരിഗണിക്കുന്നതെന്നു പറഞ്ഞാൽ അതിലും വലിയ തെററുണ്ടെന്നു തോന്നുന്നില്ല. ഇനി ഒരു പന്ത്രണ്ടുശതവർഷശേഷം വരുന്ന ജനാവലി—അവർ തീർച്ചയായും ആകൃതിയിലും ആശയത്തിലും നമ്മളേക്കാൾ വളരെയേറെ വ്യത്യാസമുള്ളവരായിരിക്കും—നമ്മളെയെല്ലാം രാക്ഷസപ്രകൃതരായി ചിത്രീകരിക്കുകയാണെങ്കിൽ അതിന്നു പ്രതിവിധിയെന്താണുള്ളത്!

യുവത്വത്തോടൊപ്പം കാമവികാരങ്ങളെ മനുഷ്യനിൽ പ്രകൃതി അങ്കുരിപ്പിക്കുന്നുവെന്നതു ആരും സമ്മതിക്കും. ഇന്നത്തെ ഭൂരിഭാഗം യുവാക്കളും തങ്ങൾ അവിവാഹിതരായിത്തന്നെ ജീവിക്കുവാൻ ഉറച്ചിരിക്കുന്നുവെന്നാണ് അവരുടെ വിവാഹത്തിന്നു രണ്ടു മൂന്നു ദിവസം മുമ്പുവരെയും മന്ദസ്മേരപൂർവ്വം പറയുക. ഈ വ്യാജപ്രസ്താവത്തിന്നു നാം അവരെ കുറ്റപ്പെടുത്തേണ്ടതില്ല. എന്തെന്നാൽ ലജ്ജ സ്ത്രീയേയും പുരുഷനേയും ഒന്നുപോലെ പിടികൂടുന്നുണ്ട്. ധൈര്യംകൊണ്ടു പുരുഷൻ ലജ്ജയെ ജയിക്കുന്നു, മാനത്തിന്നുവേണ്ടി സ്ത്രീ അതിന്നു അടിമപ്പെടുന്നു. എങ്കിലും ജലോപരിയിലെ തൈലബിന്ദുക്കൾപോലെ കാമം ഒന്നല്ലെങ്കിൽ മറെറാരുവിധത്തിൽ മനുഷ്യനിൽ പ്രകടിതമാകുന്നുണ്ട്.

പ്രണയം അചഞ്ചലമായ ഒരു വികാരമാണെന്നും അതിന്നു മനുഷ്യന്റെ ഇതരവികാരങ്ങളെക്കാൾ മഹനീയതയുണ്ടെന്നുമാണ് സാധാരണ കരുതിപ്പോരുന്നത്. എനിക്കു എന്റെ കൂട്ടുകാരനെ ഇഷ്ടവും, അമ്മയെ സ്നേഹവും, ഭാര്യയെ പ്രേമവുമുണ്ടെന്നു പറഞ്ഞാൽ ഞാൻ ഇവരുടെയെല്ലാം ദൃഷ്ടികളിൽ ഒരു നല്ല മനുഷ്യനായി, അല്ലെങ്കിൽ നേരെ മറിച്ചും. ചുരുക്കിപ്പറഞ്ഞാൽ അതെല്ലാം ദൈവദത്തമായ വികാരങ്ങളാണെന്നുപോലും സമ്മതിക്കുവാൻ സമുദായം വ്യക്തിയെ നിർബ്ബന്ധിക്കുകയാണ്.

എന്റെ കൂട്ടുകാരൻ എനിക്കു ഉപകാരം ചെയ്തിട്ടുള്ള ഒരു വ്യക്തിയാകയാൽ ഞാൻ അയാളെ ഇഷ്ടപ്പെടുന്നു. ഉപകാരം ഗണ്യമാംവിധമൊന്നുമുണ്ടായിട്ടില്ലെങ്കിലും ഉപദ്രവിക്കാതിരിക്കുകയും എനിക്കു പരിചയമാകയും ചെയ്ത ഒരാളെ ഞാൻ ഇഷ്ടപ്പെടുന്നു. അതിന്റെ ആന്തരമായ ഉദ്ദേശമെന്താണ്? സ്വാർത്ഥം—സ്വന്തം കൂട്ടുകാരനിൽ നിന്നും നിങ്ങൾ എന്തെങ്കിലും ഫലം പ്രതീക്ഷിക്കുന്നു—കൂട്ടുകാരനാവുന്നതിന്നു മുമ്പുതന്നെ അതുണ്ടായിട്ടില്ലെങ്കിൽ! അതല്ല, എന്റെ വിശാലഹൃദയംമൂലം ഞാനയാളെ ഇഷ്ടപ്പെടുന്നുവെന്നു നിങ്ങൾ പറഞ്ഞാൽ ലോകം തല്ക്കാലം തൃപ്തിപ്പെടട്ടോം. പക്ഷേ സത്യം മുഖം കറുപ്പിക്കാതിരിക്കുകയില്ല. നിങ്ങൾ നിങ്ങളുടെ ശത്രുവിനെ—നിങ്ങൾക്കു അനിഷ്ടകരമായി എന്തെങ്കിലുംചെയ്ത വ്യക്തിയെ—സ്നേഹിക്കാത്തതു എന്തുകൊണ്ടാണ്? 'ശത്രുവിനെ സ്നേഹിക്കുക,' 'ഫലേച്ഛകൂടാതെ കർമ്മം ചെയ്യുക' എന്നൊക്കെ വേദത്തിലും ഗീതയിലും രേഖപ്പെടുത്തിയിട്ടുണ്ട്. ശരിതന്നെ, പ്രായോഗിക ജീവിതത്തിൽ ഉലോം വിരളമായേ അങ്ങനെ കാണുന്നുള്ളുവല്ലൊ.

മാതാവിനെ സ്നേഹിക്കണമെന്നതു ഒരു ലോകതത്വമത്രെ. മാതാവിന്റെ രക്തം സന്താനത്തിൽ കൂടുതൽ അന്തർലീനമായതു നിമിത്തമാണ് ആജീവനാന്തം മാതൃസന്താനങ്ങൾ പരസ്പരം സ്നേഹിക്കുന്നതെന്നു ചിലർ വാദിക്കുന്നു. മാതാവിന്നു പുത്രനോടുള്ള സ്നേഹം സീമാതീതവും അലംഘനീയവുമാണ്. രക്തബന്ധം നിമിത്തം സഹോദരൻ മാതാവിനേയും, അതേ ഉദരത്തിൽ ജനിച്ച അനുജത്തിയേയും സ്നേഹിക്കാനാരംഭിക്കുന്നു. അതും അപ്രതിഹതമാണത്രെ.

ജനിച്ച ഉടനെ മാതാവിൽനിന്നു ദൂരീകരിക്കപ്പെടുകയും വിഭിന്ന പരിതസ്ഥിതിയിൽ ജീവിക്കുകയും ചെയ്യുന്ന ഒരു പൈതലിന്റെ ഹൃദയത്തിൽ പ്രായപൂർത്തിവരുമ്പോൾ മാതാവിനെക്കുറിച്ചു ഏതേതുവിധമുള്ള സ്നേഹമാണു സംജന്യമാവുകയെന്നതു പരീക്ഷിച്ചുനോക്കുന്നതു രസാവഹമായിരിക്കും.

അനാഥശാലകൾക്കുള്ള പ്രചുരപ്രചാരം, ആധുനിക ലോകത്തിന്ന് മാതൃപിതാദികളെക്കൂടാതെ തന്നെ മനുഷ്യനു വളരാമെന്നും അങ്ങനെയൊരു വിചാരം അവശ്യമായതല്ലെന്നും സോദാഹരണം പ്രത്യക്ഷപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം ഇത്യാദി മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ നിറവേററുന്ന ആരേയും അയാൾ ഇഷ്ടപ്പെടാതിരിക്കുകയില്ല. അതിനെ സ്നേഹമെന്നു അഭിസംബോധന ചെയ്യും. അനാഥശാലയിലെ കാര്യദർശിയാണ് അവിടത്തെ ഒരു അംഗത്തിന്റെ താതമാതാക്കൾ. പരമാർത്ഥത്തിൽ ആ കുട്ടിയുടെ ജനനത്തിന്നുവേണ്ടി സുഖദുഃഖങ്ങൾ അനുഭവിച്ചവർ പരന്മാരായിരിക്കും. എന്നാൽ കുട്ടിക്കു അതു ചിന്തിക്കേണ്ടിവരുന്നില്ല, അതിന്റെ ആവശ്യവുമില്ല.

അനാഥശാലയിൽനിന്നു ഒരു പടികൂടി മുന്നോട്ടുകയറി കൃത്രിമഗർഭപാത്രങ്ങളിൽ ജനിച്ചു വളരുന്ന പൈതങ്ങൾ സ്വതാതമാതാദികളെക്കുറിച്ചു എപ്രകാരം ചിന്തിക്കുന്നുവെന്നു ആലോചിച്ചാൽ ഈ ബന്ധം എത്രയേറെ മിത്ഥ്യയാണെന്നു സ്പഷ്ടമാവുന്നതാണ്.

സ്വാർത്ഥചിന്തയും ചിരകാലപരിചയവും സമുദായത്തിന്റെ അനുസ്യൂതമായ ശാസനങ്ങളുമാണ് മാതാവു സന്താനത്തിനേയും സന്താനം മാതാവിനേയും സ്നേഹിക്കുവാൻ ഹേതുഭൂതമാകുന്നതു.

ഏകോദരസഹോദരന്മാർ പരസ്പരം സ്നേഹിക്കുന്നതും മേല്പറഞ്ഞ കാരണങ്ങളാൽത്തന്നെയാണ്. എങ്കിലും ഈ സ്നേഹവേളകളിൽ സ്വാർത്ഥം അതിന്റെ നഗ്നരൂപത്തിൽ ബഹിർഗ്ഗമിച്ചു നമ്മളോടെല്ലാം സാധാരണ സംസാരിക്കാൻ വരാറുണ്ട്. സ്നേഹിച്ചു വളന്ന രണ്ടു സഹോദരന്മാർ പ്രായപൂർത്തിക്കുശേഷം ജീവിതാങ്കണത്തിലിറങ്ങുകയും സ്വന്തം ആസ്തിക്യാർത്ഥം (self-existance) ഒരാൾ മറേറ സഹോദരനെ വെട്ടി വീഴ്ത്തുകയും മററും മററും ചെയ്യുന്നതു നാം അനുദിനം കാണുന്ന ഭീകരകാഴ്ചകളാണല്ലൊ. ബാല്യകാലത്തിൽ പഠിച്ച തത്വം അപ്പോടെ അവർ വിസ്മരിക്കുന്നുവെന്നല്ലാതെ ഇതിന്നു വേറെ ന്യായമെന്താണുള്ളത്?

സഹോദരനും സഹോദരിയും പരസ്പരം സ്നേഹിക്കുന്നു. സമുദായസമക്ഷം അപഹേളനാപാത്രങ്ങളായിച്ചമയുമെന്ന ഭയം ഇല്ലായിരുന്നുവെങ്കിൽ ഈ സ്നേഹം അചിരേണ പ്രണയമായി രൂപാന്തരപ്പെടുമെന്നതു സന്ദേഹരഹിതമാണ്. ബാല്യകാലത്തിൽത്തന്നെ അകന്നു താമസിക്കുകയും അസാംഗത്യവും അദ്ഭുതപൂർവ്വവുമായി കണ്ടെത്തുകയും ചെയ്യുന്ന സഹോദരനിൽ അയാളുടെ സ്വന്തം സഹോദരിക്കു രാഗമുദിക്കാമെന്നതു നഗ്നമായ ഒരു യാഥാർത്ഥ്യമാണ്.

സഹോദരൻ തന്റെ സഹോദരിയെ വിവാഹം ചെയ്യുന്നതു അഭികാമ്യമാണെന്നു ഇപ്പറഞ്ഞതിൽ നിന്നു വിവക്ഷിച്ചുകൂടാ. സാമുദായികവിഘ്നങ്ങൾക്കു പുറമെ ശാസ്ത്രീയമായും ഈ ഉപക്ഷേപം എതിരിടപ്പെടുന്നുണ്ട്. രക്തബന്ധം ആരോഗ്യത്തെ സാരമായി ബാധിക്കുന്നതിനാൽ ഏകോദരജന്യരായ ദമ്പതികളുടെ സന്താനം പാരമ്പര്യമായ പല രോഗങ്ങൾക്കും അധീനമാകുമെന്ന് ആരോഗ്യശാസ്ത്രജ്ഞന്മാർ സമർത്ഥിച്ചിരിക്കുന്നു. ഇവയ്ക്കെല്ലാമുപരിയായി, പ്രകൃതി ജനിപ്പിച്ച അന്ധമായ വികാരത്തെ സ്വേച്ഛാനുസരണം സമുദായം ച്ഛേദിക്കുന്നതിനുപുറമെ പോഷകങ്ങളുടെ ഗണ്യമായ അഭാവം അതിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. ബാല്യകാലം മുതൽ ഗുണഭാഗങ്ങളോടൊപ്പം ദുർവശങ്ങളെ മുഴുവനും സർവ്വദാ പരസ്പരം കണ്ടുകൊണ്ടിരിക്കുന്ന ഈ ചെറുപ്പക്കാരുടെ സ്നേഹബഹുമാനാദികൾക്കു ഒരു സീമയുണ്ടാകുന്നു. പരിചയം വെറുപ്പിനെ ഉല്പാദിപ്പിക്കുന്നുവെന്നതു സർവ്വവിദിതമായ ഒരു തത്വമാണല്ലൊ.


എങ്കിലും സൌകര്യത്തിന്നുവേണ്ടി സമുദായം ചില മാപ്പുസാക്ഷികളെ സൃഷ്ടിച്ചുവിടുന്നതു കാണുമ്പോൾ ആക്കാണു ചിരി വരാതിരിക്കുക? ഒരു വ്യക്തിയുടെ മാതാവിന്റെ സഹോദരിയുടെ മകൾ അയാളുടെ സഹോദരിയാണ്; രക്തബന്ധം വളരെയുണ്ടുതാനും. അപ്പോൾ മാതാവിന്റെ സഹോദരന്റെ മകളെ അയാൾക്കു വിവാഹം ചെയ്യാമെന്നു സമുദായം വിധിക്കുന്നതിന്റെ അർത്ഥം മനസ്സിലാക്കുവാനാണ് പ്രയാസം. വെറും സാമ്പത്തിക ലാഭത്തിന്നുവേണ്ടി രക്തബന്ധത്തെപ്പോലും ലോഭിപ്പിക്കുവാൻ സമുദായത്തിന്നു വൈമനസ്യമില്ല!

പ്രേമവും പ്രണയരംഗങ്ങളും മററും സ്മൃത്യർഹവും വിജയപര്യവസായിയുമായാണ് പ്രായേണ പരിഗണിക്കപ്പെടുന്നതു. കേവലം ശാരീരികമായ ഒരു വികാരം മാത്രമല്ലാത്തതിനാൽ രണ്ടു ആത്മാക്കളുടെ സംയോഗത്തിൽപ്പോലും സാഫല്യമണയുവാൻ പ്രേമത്തിന്നു സാദ്ധ്യമാണെന്നുകൂടി കവികൾ അവസരോചിതം പറയാറുണ്ട്. (ഇതു് സാഹചര്യങ്ങൾകൊണ്ടു് വിവാഹിതരാകാൻ കഴിയാത്ത നിർഭാഗ്യരായ ദമ്പതികളെ ഉദ്ദേശിച്ചു പറയുന്നതാണ്.) എങ്കിലും പ്രേമവും സാധാരണ മനുഷ്യനു സുപരിചിതമായ കാമവും തമ്മിൽ എത്രയേറെ വ്യത്യാസമുണ്ടെന്നു ഇനി ചർച്ചചെയ്യാം.

പ്രേമം പകൽപോലെ പരിപാവനമായതാണെന്നു വാദിക്കുന്നവർ സുലഭമാണ്. അതു ജന്മസിദ്ധമായ ഒരു സദ്വിചാരമാണെന്നും തന്നിമിത്തം പ്രചോദനങ്ങൾക്കും കാലത്തിനും മുന്നിൽ നിശ്ചഞ്ചലം അതു നിലകൊള്ളുമെന്നും ഇവർ ദൃഢമായി വിശ്വസിക്കുന്നു. സത്യം ഇക്കാര്യത്തിൽ എത്രയുണ്ടാകുമെന്നു ചിന്തിക്കുവാൻ പോലും ഇവക്കു ക്ഷമയില്ല.

ആറു വയസ്സു മുതൽ ഒരാൾക്കു അയാളുടെ ഭാര്യയെ പരിചയമുണ്ടായി എന്നു വിചാരിക്കുക. അന്നത്തെ ആ കുട്ടികൾക്കു പരസ്പരം അനുരാഗ

(ബാക്കി 12-ാം പേജിൽ)




"ഹാ, കൂട്ടക്കാരേ! ഇപ്പോഴും ഒരു യുദ്ധം നടക്കുന്നുണ്ടെന്നു് ഓർമ്മ വേണം, കേട്ടോ!"

# കൊലക്കുററം

(കെ. ജി. പിള്ള)

"കരുണ കലർന്നോരേ! കൊച്ചുകാശൊന്നേകണേ!
പൊരിയും വയറിനു കഞ്ഞി തെല്ലേകേണമേ."
സമ്പത്തിൻ മദാന്ധ്യത്താൽക്കുരുണ്ട നഗരത്തിൽ,
വമ്പിച്ച മഹാസൌധപൂർണ്ണമാമാരഥ്യയിൽ,
നിന്നുയർന്നൊരാദീന രോദനം പട്ടണത്തി-
ന്നുന്നതസൌധങ്ങളിൽ മാറെറാലിച്ചലസ്സുയായ്:
"തെണ്ടികൾ, തൊഴിലില്ലേ? കൊച്ചുകുട്ടിയെന്നാലും
കണ്ടോരിപ്പണി കൊള്ളാം, ഈ ലോകം കരിങ്കള്ളം:"
വന്യജന്തുവെക്കാളും ഘോരനാ സമ്പന്നന്റെ-
മാന്യത ഛർദ്ദിച്ചിതം പുച്ഛവു മാക്ഷേപവും.
"എന്തൊരു ദുരഭിക്ഷം, കണ്ണുശല്യ" മെന്നോതി
പിന്തിരിഞ്ഞൊന്നുനോക്കാതേവരും നടകൊണ്ടു.
ഇല്ലൊരു കാതും കഷ്ടം! കേൾക്കുവാനപ്രാർത്ഥന
ഇല്ലതിലൊരു ലാഭമൊരു വന്നതു കേൾക്കിൽ:
ഹാ കഷ്ടം! യാചിക്കുവാൻ നാവിൽ നീരുണങ്ങുന്നി-
താകുന്നില്ലക്കരങ്ങൾ മലർത്തിപ്പിടിക്കുവാൻ:
തൊള്ളയിൽ തുടിക്കുന്നുണ്ടൊരു കാശൊ, രുതുള്ളി-
വെള്ള, മീരണ്ടപേക്ഷ, കാതുള്ളോർക്കു കേൾക്കാം:
"കുഞ്ഞേ! നീ മന്ദം മന്ദം നടക്കൂ, നിന്നെപ്പോലെ-
കഞ്ഞിക്കു കൊതിക്കുന്ന കുടിലിൻ നികടത്തിൽ,
അവിടെക്കിട്ടും വെള്ളം നിനക്കു ജീവിക്കുവാ-
നിവിടെപ്പാവങ്ങൾക്കു രക്ഷയില്ലൊട്ടും തന്നെ
കരയും കരളോടെയേവമോതി യാപ്പക്ഷി-
നിരയും പറന്നു പോയങ്ങിങ്ങു മാളം തേടി.
ധർമ്മരാഹിത്യ വേദം, ദുശ്രവം, സഹിയാഞ്ഞു
കർമ്മസാക്ഷിയും പോയി മറഞ്ഞു നീരാഴിയിൽ.

* * * *

പിറെറന്നെ പ്രഭാതത്തിൻ രശ്മികൾ വഴിവക്കിൽ-
ത്തെറെറന്നു കണ്ടു പാരം മരവിച്ചോരശ്ശവം.
ഒരു കാശിനായുള്ളോരായപേക്ഷയിപ്പോഴും
ആരങ്ങിക്കേൾക്കാം ചുററും മൂകഗാനം പോലാകും:
ഇപ്പാരിൽനിന്നൊന്നും താൻ കൊണ്ടുപോകുന്നില്ലെന്നാ-
യ പ്പാവ പ്രഭുക്കളോടോതുന്നാമലർന്ന കൈ!
ദാരിദ്ര്യപ്പിശാചിക കാർന്നു തിന്നൊരാമേനി-
യാരിന്നു മൃത്യുവെന്യേയാശിക്കും കവർന്നീടാൻ?
പട്ടിണിപ്പാവങ്ങളീ മട്ടിലെത്രയാണിന്നു
പട്ടിപോൽ റോട്ടിൻ വക്കിൽ പിടഞ്ഞു ചത്തീടുന്നു!
ആരാണിക്കൂട്ടക്കൊലക്കുററത്തിന്നവകാശി,
ആരാണീ ദുരന്ത രംഗങ്ങൾക്കുള്ളുടമസ്ഥർ?

'ആക്കരിഞ്ചന്തക്കള്ളർ, സമുദായത്തിൻ ജീവ-
രക്തപാനത്താൽ പള്ള വീർപ്പിക്കും വേതാളങ്ങൾ,
രാപ്പകൽ പണിചെയ്തും പാവങ്ങൾ സമ്പാദിക്കു-
മല്പമാം കാശിൽപ്പെരും ലാഭത്തെയെടുക്കുന്നോർ;
അവരാണിക്കുഞ്ഞിളം കണ്ണാതെ ഞെരിച്ചവ,-
രവരാണീയാചകബാലനെക്കൊല ചെയ്തോർ;
നീതി തെല്ലറിയുന്ന ന്യായസ്ഥനുണ്ടെന്നാകി-
ലോതട്ടെ യിക്കുഞ്ഞിന്റെ ഘാതകർ മററാരെന്നാ'യ്!
പഞ്ഞപ്പാളയുമായി തെണ്ടുമിക്കുചേലന്മാർ
കഞ്ഞി കിട്ടാതെ ദീർഘനിദ്രയിൽപ്പതിക്കുമ്പോൾ,
പാവങ്ങൾക്കായി ട്ടീശനരുളും വിഭവങ്ങ-
ളാവോളമറയ്ക്കുള്ളിൽ മറയ്ക്കും ധനാഢ്യന്മാർ,
നാലു പാർശ്വവും നിന്നു പാവങ്ങൾ കരഞ്ഞാലും
നാലുനെന്മണിയെടുത്തെറിയാൻ മടിക്കുന്നോർ;
മഞ്ഞിനാൽ മരവിച്ചും, വേനലാൽ വെറികൊണ്ടും,
പഞ്ഞിത്തോർത്തര മറച്ചീടുവാനില്ലാതെയും,
ഹാ കഷ്ടം! സ്വസോദരർ ഖേദിക്കെയലംകൃത-
മാകുവാൻ ദുകൂലങ്ങളണിയും ഘൃണയറേറാർ,

അവരാണീമെച്ചിൽ ഹാ, കൊലവാളിറക്കിയോ,-
രവരാണീഹത്യയ്ക്കിന്നുണ്മയിൽ കർത്താക്കന്മാർ!
നീതി തെല്ലറിയുന്ന ന്യായസ്ഥനുണ്ടെന്നാകി-
ലോതട്ടെയിക്കുഞ്ഞിന്റെ ഘാതകർ മററാരെന്നായ്.
ഇത്രനാളുമിക്കൊല കണ്ടിട്ടും മിണ്ടാഞ്ഞോരാ-
വൃത്താന്ത, പത്രത്തിന്റെ ലേഖകന്മാരായുള്ളോർ,
പുസ്തകക്കമ്മററി തൻ കാരുണ്യം പ്രതീക്ഷിച്ചു-
വിത്തവാഞ്ഛയാൽ മാത്രം സാഹിത്യമെഴുതുന്നോർ,
അവരാണിക്കുററത്തെ മറച്ചു പിടിച്ചവ-
രവരാണിക്കുഞ്ഞിന്റെ കൊലയിലൊററുനിന്നോർ
നീതി തെല്ലറിയുന്ന ന്യായസ്ഥനുണ്ടെന്നാകി-
ലോതട്ടെ യിക്കൊലയ്ക്കു പങ്കാളി മററാരെന്നായ്!

ദുഷ്ടരേ! കരളററ മർത്ത്യരേ! നാളെ നിങ്ങൾ
നിഷ്ഠുരനീതിയ്ക്കൂഴം നിശിതമാം വേദിയിൽ,
ആനീതരാകും, ശിക്ഷയാജ്ഞിക്കും, കരുതുവി
നീ, നീചകൃത്യം നിർത്തിൻ; മതിയീ മദാവേശം!
ഈ സാധുക്കൂട്ടങ്ങളെ രക്ഷിപ്പാനല്ലേ ഞങ്ങൾ-
നാസിസത്തിനു നേരെ പോരിന്നായ് പുറപ്പെട്ടു?
ഇപ്പാരിൽ നിന്നെന്നേക്കും നാസിസം നശിച്ചുപോയ്,
ജപ്പാന്റെ നാശത്തിനു തെല്ലു നാൾ മാത്രം പോരും!
വിക്രമമിത്രയ്ക്കൂഴം വീരന്മാർ പോരാളിക-
ളക്രമമനുക്രമം ചെറുക്കുമെന്നോർമ്മിയ്ക്കിൻ.

ഐശ്വര്യം നിറകതിർ വീശുവാൻ കാലമായി-
വിശ്വസിച്ചീടിൻ, ഹിംസ മേലിലും തുടരായ്കിൻ!"

# സാഹിത്യവും ജീവിതവും*

(പ്രൊഫസർ ജോസഫ്, മുണ്ടശ്ശേരി)

നമ്മുടെ ഭാഷ ഇന്നുവരെ അറബിക്കടലിന്റെയും മലയപർവ്വതത്തിന്റെയും ഇടയ്ക്കുള്ള താഴ്വരയിൽനിന്നു നാലു പൊള്ളച്ചിരി ചിരിച്ചതേയുള്ളു. സാഹിത്യം ഭാഷ മാത്രമായാൽ പിന്നെ അതുണ്ടോ ദേശസീമകളെ അതിലംഘിക്കുന്നു? ആശയപരമായി മേന്മ കൂടുതൽ കൂടുതൽ ഉണ്ടായിട്ടു വേണം നമ്മുടെ സാഹിത്യത്തിനു അഖിലഭാരതബന്ധവും അഖിലലോകബന്ധവും ഉണ്ടാകുവാൻ. അങ്ങനെ ഒരഭിലാഷം നമ്മുടെ സാഹിത്യത്തിനു വേണമെന്നായിട്ടുള്ളതുതന്നെ ഇടക്കാലത്തുമാത്രമാണ്. ഈ സമ്മേളനം പ്രസ്തുത അഭിലാഷത്തിന്റെ ആദ്യത്തെ പ്രത്യക്ഷപ്രകടനമാണ്.

നൂതനാശയങ്ങളെ പ്രതിപാദിക്കുന്നുള്ള കഴിവെന്നു എടുത്തു പറഞ്ഞുവല്ലോ. അതിൽനിന്നു ഗ്രഹിക്കുവാനുള്ള ഒരു വലിയ കലാതത്വം ഉണ്ട്. ഉത്തമമായ സാഹിത്യം സങ്കേതജ്ഞാനത്തിൽനിന്നല്ല ജീവിതാനുഭവത്തിൽനിന്നാണ് ഉടലെടുക്കേണ്ടതു്. അപ്പോൾ സാഹിത്യകാരനും ജീവിതവും തമ്മിൽ ഗൗരവമേറിയ ഒരു ബന്ധമുണ്ടെന്നു സമ്മതിക്കേണ്ടിവരും. ഒന്നുകൂടി ചുരുക്കിപ്പറഞ്ഞാൽ സാഹിത്യകാരന്റെ ജീവിതം തന്നെയാണ് സാഹിത്യം. പദങ്ങളും വാക്യങ്ങളും ഛന്ദസ്സുകളും അലങ്കാരങ്ങളും സ്വാധീനിച്ചതുകൊണ്ടു ആരും സാഹിത്യകാരനാകുന്നില്ല

സ്വാനുഭൂതിയിൽനിന്നുവേണം സാഹിത്യനിർമ്മാണമെന്നു പറയുമ്പോൾ ഏതു വിഷയത്തെക്കുറിച്ചും സാഹിത്യകാരനറിവുവേണം എന്നു സിദ്ധാന്തിക്കുന്നതായിട്ടു ചിലർ സംശയിച്ചേക്കാം. ഞാൻ വിവക്ഷിക്കുന്നതു കാവ്യാനുഭൂതിയാണ്.

പ്രതിപാദ്യവുമായി കലാകാരനു സായൂജ്യം ഉണ്ടായിരിക്കണം എന്നാണ് ചുരുക്കത്തിൽ അർത്ഥം. "ടോൾസ്റ്റോയിയൻ സിൻസിയറിട്ടി" യെന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നതു ഇതുതന്നെ. പക്ഷെ ഒന്നോർക്കണം: തീവ്രമായി ഏതു വിഷയത്തെക്കുറിച്ചും ഒരു കലാകാരനു ഹൃദയാനുരഞ്ജനം ഉണ്ടാകാതിരിക്കുന്നതല്ല. ഏതാനും വിഷയങ്ങൾ അയാൾക്കുള്ളിൽ തട്ടിയവയായിരിക്കും. അവയെ സംബന്ധിച്ചിടത്തോളം ഒന്നു നിശ്ചയം—അയാളുടെ സംസ്കാരവും ആ വിഷയങ്ങളും തമ്മിൽ ഒരു ബന്ധം കാണും. "ഒരു സൂചിത്തലകൊണ്ടെങ്കിലും" അയാളുടെ കലാസൃഷ്ടികൾ അയാളുടെ ജീവിതവുമായി തൊട്ടിട്ടുണ്ടാകും. ഇങ്ങനെയല്ലാതെ എന്തിനെക്കുറിച്ചായാലും വേണ്ടില്ല എന്തുമെഴുതാം എപ്പോഴുമെഴുതാം എന്നു ഏറ്റുപറയുന്ന സാഹിത്യകാരന്മാരുണ്ടെങ്കിൽ അവർ ഒരു വക യന്ത്രപ്പാവകളാണ്.

ജീവിതവും സാഹിത്യവുമായി ബന്ധപ്പെടുമ്പോൾ ജീവിതത്തിന്റെ മാറ്റങ്ങൾ സാഹിത്യത്തിലും മാറ്റങ്ങൾ ഉണ്ടാക്കുന്നതാണ്. വെളുപ്പിനു കുളിയും തേവാരവും കഴിഞ്ഞു മൃഷ്ടാന്നം ഭുജിച്ചു ഭോഗനിദ്രാദികളുമായി കഴിഞ്ഞ ഒരു പഴയ കേരളീയന്റെ ജീവിതത്തിൽ പറയത്തക്ക പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. അവനേപ്പോലെ നിർമ്മാണോപാദാനങ്ങൾക്കഭിലാഷമുണ്ടായിരുന്ന കേരളീയരുടെ സമുദായം വളരെ ഇടുങ്ങിയതായിരുന്നു. ആ ന്യൂനപക്ഷം ആര്യപുരാണങ്ങളിൽനിന്നു കടംവാങ്ങിയ സീതാരാമന്മാരുടെയും മറ്റും കഥകൾ വീണ്ടും വീണ്ടും ആഖ്യാനം ചെയ്തുകൊണ്ടു തികച്ചും തൃപ്തിപ്പെട്ടിരുന്നു. രസാനുഭൂതിക്ക് അതിൽ കവിഞ്ഞൊന്നും അന്നു വേണ്ടിയിരുന്നില്ല. ഇന്നു സമുദായഘടന തീരെ മാറിയിരിക്കുന്നു. റിക്ഷാക്കാരനുപോലും വായിക്കാനാഗ്രഹമുണ്ട്; കഴിവുമുണ്ട്. അവനും ഉണ്ടായിരിക്കുന്ന പൗരാവകാശബോധം. കൊട്ടാരം തൊട്ടു കുടിൽവരെ സാഹിത്യത്തിനു പ്രചാരം സിദ്ധിച്ചിരിക്കുന്നു. അപ്പോൾ സാമാന്യന്മാരുടെ ജീവിതവുമായിട്ടാണ് ആധുനികസാഹിത്യത്തിന് അധികവും ബന്ധം ഉണ്ടാകേണ്ടത്. ആ ജീവിതമാണെങ്കിൽ എത്രയോ പ്രശ്നങ്ങളെ അടക്കിക്കൊള്ളുന്നതാണ്. സാമ്പത്തികനീതിയെ കാലോചിതമായി പരിഷ്കരിച്ചു സമസ്തവ്യക്തികൾക്കും ഏറെക്കുറെ ജീവിതത്തിൽ ക്ഷേമമുണ്ടാക്കിക്കൊടുക്കുക എന്നതു ഇന്നത്തെ മഹാപ്രശ്നങ്ങളിൽ ഒന്നാമത്തേതായിരിക്കുന്നു. മൂലധനത്തിലും വലിയ മുതൽ തൊഴിലാണെന്നു പരക്കെ സമ്മതമായിട്ടുണ്ട്. ഏതാദൃശാഭിപ്രായങ്ങളെക്കൊണ്ടു സങ്കീർണ്ണമായിത്തീർന്ന ഇന്നത്തെ ജീവിതത്തിനു വിലയിരുത്തുന്ന ഒരു കലാകാരന്റെ ഭാവനയ്ക്കു പ്രചോദനം പണ്ടത്തെ കലാകാരന്റേതിൽനിന്നു ഭിന്നമാണ്. അയാൾക്കു പഴയ നിയമങ്ങൾ പലതും ലംഘിക്കേണ്ടിവന്നേക്കാം. അതുകണ്ടിട്ടു സദാചാരത്തിന്റെ സംരക്ഷകന്മാർ അത്ര നെറ്റി ചുളിക്കേണ്ടതില്ല. മാനവസംസ്കാരത്തിനു പുതിയൊരു രൂപം തീർച്ചയായും ഉണ്ടാകണമെന്നു സകലരും സിദ്ധാന്തിക്കുന്ന ഈ യുഗത്തിൽ അങ്ങേ അറ്റം കമ്മ്യൂണിസത്തിൽ പ്രദർശിതമാകുന്ന സാമ്പത്തികഘടനപോലും ഒരു സാഹിത്യകാരനു ആലോചനാവിഷയമായെന്നുവരാം. ലോകക്ഷേമത്തെ മുൻനിറുത്തി ചിന്തിക്കുന്ന അയാളുടെ ഹൃദയത്തിൽ അലകളുണ്ടാക്കിയ പ്രസ്തുത സംഗതികൾ അയാളുടെ കൃതികളിൽ പ്രതിഫലിക്കുകതന്നെ ചെയ്യും. പൊതുവെ സമുദായങ്ങളേയും രാഷ്ട്രങ്ങളേയും ഭരിക്കുന്ന മര്യാദകളെക്കാളും സൂക്ഷ്മതരങ്ങളായ മര്യാദകൾക്കു വിധേയനായിക്കൊണ്ടേ ഉത്തമനായ ഒരു സാഹിത്യകാരൻ നിർമ്മാണത്തിനു ഒരുമ്പെടുകയുള്ളു.

അപ്പോളയാൾ ഷെല്ലി പറയുമ്പോലെ പുതുനീതികൾ സൃഷ്ടിച്ചു സമുദായത്തിന്റെ സദാചാരബോധത്തിനു യഥാർത്ഥ ഉൽബോധകനായിത്തീരുന്നു. ഒരു പ്രത്യേക സംഘടനയ്ക്കു കാഹളം ഊതുന്നവനായിരിക്കണം സാഹിത്യകാരനെന്നു വാദിക്കുന്നതു സാഹസമാണ്.

Values of Life — ജീവിതത്തിന്റെ മൂല്യങ്ങൾ—ഇവയെ അവധാരണം ചെയ്തിട്ടുവേണം ഒരുവൻ സാഹിത്യകാരനാകണമെങ്കിൽ. അവന്റെ ജോലി ഒരു പിള്ളേർകളിയല്ലെന്നു സ്പഷ്ടം. സാഹിത്യത്തിന്റെ വെറും പുറംകൂട്ടുകളായ പദവാക്യഛന്ദോലങ്കാരങ്ങളിൽ ആധിപത്യം നേടിയവർ പൊതുവെ സാഹിത്യത്തെ ഒരു കുട്ടിക്കളിയായിട്ടെ എടുത്തിട്ടുള്ളു. അതു കഷ്ടമാണ്. സാംസ്കാരികമായിട്ടുള്ള നേട്ടങ്ങൾ ധാരാളമുള്ളവർ മാത്രം സാഹിത്യത്തിന്റെ ഉയർന്ന മണ്ഡലത്തിൽ പ്രവേശിക്കട്ടെ. നമ്മുടെ ചെറുപ്പക്കാരായ സാഹിത്യകാരന്മാർ പലരും അങ്ങനെയുള്ളവരാണ്. അവർ ജീവിതത്തിൽനിന്നും നിശ്വാസങ്ങൾ ഉൾക്കൊള്ളുന്നു. അവരുടെ കൃതികളിൽ അശ്ലീലതകൾ ഉണ്ടാകാം, അറ്റകുറ്റങ്ങൾ കണ്ടേക്കാം. അതു കണ്ടിട്ടു തട്ടിക്കയറുന്നതിൽ അർത്ഥമില്ല! ഏതാനും വാക്യങ്ങൾക്കു ഭംഗി കുറഞ്ഞതുകൊണ്ടോ, ചില സംഭവാംശങ്ങൾ ഔചിത്യവിലേപകരങ്ങളായതുകൊണ്ടോ അവരെ ശപിക്കുന്നതു ശരിയല്ല. കഴിഞ്ഞ യുഗത്തിലെ സാഹിത്യത്തിൽ കാണുന്ന അശ്ലീലതകളോടും അപമര്യാദകളോടും താരതമ്യപ്പെടുത്തിയാൽ നമ്മുടെ യുവസാഹിത്യകാരന്മാരുടെ അനൗചിത്യങ്ങൾ അത്ര ഭയാനകങ്ങളല്ല. നല്ല വാക്കു പറഞ്ഞ് അവരെ തിരുത്തേണ്ട ചുമതലയാണ് സാഹിത്യാഭിവൃദ്ധിയെ കാംക്ഷിക്കുന്ന നിരൂപകന്മാരുടെ കർത്തവ്യം.

നമ്മുടെ നാട്ടിൽ കുറെ നിരൂപകന്മാരുണ്ടായിട്ടുണ്ട്. പത്രങ്ങളിൽ പുസ്തകാഭിപ്രായങ്ങളെഴുതുവാൻ ഏറ്റിട്ടുള്ള നിരൂപകന്മാർ. സാഹിത്യത്തെക്കുറിച്ചു വളരെ ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിക്കണമെന്നു സാഹിത്യകാരന്മാരോടനുശാസിക്കാമെങ്കിൽ അത്രയോ അതിലധികമായോ നിരൂപകന്മാരോടനുശാസിക്കേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ മൂല്യങ്ങൾ അറിഞ്ഞിരിക്കുക, കലാതത്വങ്ങൾ ഗ്രഹിച്ചിരിക്കുക, അവയെ സംബന്ധിച്ചു നാളിതുവരെ പുറപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുമായി പരിചയം നേടിയിരിക്കുക ഇത്രയും ചെയ്തിട്ടില്ലാത്ത ഒരു സാധാരണക്കാരൻ തനിക്കുള്ള സംസ്കാരത്തെ ഉരകല്ലായെടുത്ത് ഏതു കൃതിയുടേയും മാറ്റു നിർണ്ണയിക്കുവാൻ ഒരുമ്പെടുന്നതു് ആപല്ക്കരമായിരിക്കും. അധികം നിരൂപകന്മാരും ആ വലിയ പാരമ്പര്യം അനുസരിച്ചു പുറംകൂട്ടിന്റെ ഭംഗി കണ്ടു് അഞ്ചിപ്പോകുന്നവരാണ്. കലാബാഹ്യങ്ങളായ പ്രചോദനങ്ങളനുസരിച്ച് അഭിപ്രായത്തെ വളയ്ക്കുകയും, ഞെളിക്കുകയും ചെയ്യുന്നവർ് സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി ഒരു പത്താംക്ലാസ്സു കവിതയെഴുതിയ കവിയേയും വിശ്വമഹാകവിയാക്കാൻ കൂസലില്ല. അവരുടെ തീർപ്പ് കേരളത്തിലെ പ്രബുദ്ധജനസമുദായം കണ്ണടച്ചംഗീകരിക്കുമെന്നാണ് അവരുടെ വിശ്വാസം. ഈ ഗർവിഷ്ഠവും അജ്ഞതാവിലസിതവുമായ പാരമ്പര്യം പുരോഗമനസാഹിത്യത്തിന്റെ പേരിൽ അടിച്ചുടയ്ക്കപ്പെടേണ്ടതാണ്.

ഈയിടെ അനുഭൂതിയിൽനിന്നു് ഭാവനയെ സ്വരൂപിച്ചു കാവ്യത്തിൽ രൂപംകൊടുക്കുവാൻ ശ്രമിച്ചുവരുന്ന എഴുത്തുകാരിൽ ഒരു വലിയ ഭാഗം ദേശാഭിമാനോദ്ദീപനത്തിനുവേണ്ടി പാശ്ചാത്യമായതു സമസ്തവും ശപിക്കുന്നതു ഒരു ശീലമാക്കിയിട്ടുണ്ട്. പൗരസ്ത്യമായികാണുന്നതു സമസ്തവും വിശേഷോത്തമമെന്നു പറയാനും അവർ തയ്യാറാണ് നാലുകെട്ടും നിലവിളക്കും—പോരെങ്കിൽ ഒരു നിറപറയും—ഇവകൊണ്ടു പൗരസ്ത്യന്റെ സംസ്കാരം തികഞ്ഞെന്നാണ് അവരുടെ ഭാവം. ഇതു ഒരു സങ്കുചിതമനസ്ഥിതിയുടെ സന്താനമാണ്. സാംസ്കാരികമായി അഖിലഭാരതബന്ധവും അഖിലലോകബന്ധവും ഉണ്ടാക്കാനാശിക്കുന്ന നമ്മുടെ സാഹിത്യകാരന്മാർ സ്വകീയത്തിലും പരകീയത്തിലും ഗ്രാഹ്യങ്ങളായിക്കാണുന്ന സകലാംശങ്ങളും സമാഹരിച്ചു തങ്ങളുടെ ഭാവനയ്ക്കു കരുത്തു വർദ്ധിപ്പിക്കുവാൻ ഉത്സാഹിക്കേണ്ടതാണ്. അതുകൊണ്ടേ പുരോഗതിയുണ്ടാകയുള്ളു. നാഷണലിസത്തിൽ പരനിന്ദയുടെ കാലം കഴിഞ്ഞുപോയെന്നു നാം മനസ്സിലാക്കേണ്ടതാണ്.

പൗരസ്ത്യത്തെ മതിമറന്നു പുകഴ്ത്തുന്ന ദേശാഭിമാനവ്രതമായ നമ്മുടെ ചില സാഹിത്യകാരന്മാർ വാസ്തവത്തിൽ പൗരസ്ത്യത്തിന്റെ വില എന്തെന്നു മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയം. വാത്മീകിയുടെയും കാളിദാസന്റെയും മറ്റും പദാവലികൾ പ്രയോഗിച്ചു അവരുടെ കല്പനകൾ തലങ്ങും വിലങ്ങും തിരുകി കാവ്യനിർമ്മാണത്തിനൊരുമ്പെടുന്നവർ ആ മഹാകവികളുടെ കലാസൗഭാഗ്യത്തെ പലപ്പോഴും നിന്ദിക്കുന്നതായിട്ടാണനുഭവം. ഈയിടെ ഇറങ്ങിയ നിറപറയെന്ന കവിതാസമാഹാരത്തിൽ ഒന്നാമത്തെ കവിത ആരംഭിക്കുന്നതുതന്നെ സാഗരസരോവരവാരി എന്നിങ്ങനെയാണ്. എന്തൊരു പാഴ്ചെലവ്. ആ കവി സാഗരത്തെ സരോവരമാക്കി മേല്ക്കുമേലങ്ങനെ പറഞ്ഞുപോയതുകൊണ്ടു പരിനിഷ്ഠിതമായി എന്തൊരു രസനീലഭാവമാണു പ്രതിപാദിക്കുന്നതെന്നു

(ബാക്കി 11-ാം പേജിൽ)

* കോട്ടയത്തുവെച്ചു ചേർന്ന പുരോഗമനസാഹിത്യസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.

# രണാങ്കണത്തിലേയ്ക്കു്

[“ഈ കൊച്ചുകവിതയുടെ പിന്നിൽ ഒരു രസകരമായ ചരിത്രമുണ്ടു്. ഏതാണ്ടു ആറുകൊല്ലംമുമ്പു കേരളത്തിലെ ഒരു സുപ്രസിദ്ധവാരികയിൽ പ്രസിദ്ധീകൃതമായതാണു് ഇതു. പക്ഷെ അന്നു് അതു എൻെറതല്ലായിരുന്നു. സാഹിത്യസദസ്സിൽ കുറച്ചു കാലം ‘സ്ത്രീ വേഷം’ കെട്ടിയഭിനയിക്കുന്നതിന്നു് ഞാൻ നിർബ്ബന്ധിതനായി. ബാല്യസഹജമായ ഒരു ചാപല്യം അതിൽ കാണാമെങ്കിലും, ഈ സൂത്രം പത്രാധിപന്മാരെ വഞ്ചിയ്ക്കാൻ, അഥവാ നല്ല ഒരു പാഠം പഠിപ്പിക്കാൻ പ്രാപ്തമായി. എൻെറ സ്വന്തം പേരുവെച്ചു പദ്യങ്ങൾ പ്രസിദ്ധീകരിക്കാൻ മടിച്ചിരുന്ന പത്രാധിപർ ഞാൻ ‘ശ്രീമതി’ യായപ്പോൾ, വാരികയുടെ ആദ്യത്തെ പേജിൽത്തന്നെ കെങ്കേമമായവിധത്തിൽ അവയ്ക്കു് സ്ഥാനം നൽകി. അദ്ദേഹത്തെ ഇതിന്നു പ്രേരിപ്പിച്ച സംഗതികളെന്തായാലും ശരി, കുറച്ചിട ഈ ‘ശ്രീമതി,’ സഹൃദയന്മാരെ ഒട്ടൊന്നു അമ്പരപ്പിയ്ക്കുതന്നെ ചെയ്തു. അങ്ങിനെ അവസാനം ‘ശ്രീമതി’ രണാങ്കണത്തിലേയ്ക്കായി വിടവാങ്ങിയും കൊണ്ടു സാഹിത്യ സദസ്സിൽനിന്നും അന്തർദ്ധാനം ചെയ്തു. ഫാസിസത്തിന്നെതിരായി അന്നു സഖ്യശക്തികൾ സമരം പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നില്ലെങ്കിലും അന്നും എൻെറ തൂലിക ഫാസിസ്റ്റുവിരോധ സമരരംഗത്തെ ഉന്നം വെച്ചിരുന്നുവെന്നതു് ഈ പദ്യശകലം തെളിയിക്കുന്നുണ്ടല്ലോ. ഇന്നും ഇതിൽ ഒരു പുതുമ ദശിക്കാൻ വായനക്കാക്കു് സാദ്ധ്യമാവുമെന്ന പ്രതീക്ഷയോടെയാണു് ഞാൻ ഇതു യുദ്ധസഞ്ചികയിലേയ്ക്കു് അയക്കുന്നതു്” എന്ന ഒരു മുഖവുരയോടെയാണു് ഈ പദ്യം തൽക്കത്താവു ഞങ്ങൾക്കു് അയച്ചുതന്നിരിക്കുന്നതു്. ഇദ്ദേഹം യുദ്ധസഞ്ചിക വായനക്കാക്കു് സുപരിചിതനാണു്—യു.സ.പ.]

ദുസ്വപ്നമെന്നപോലോ, മലേ, യിന്നിമേൽ-
വിസ്മരിച്ചേയ്ക്കൂ, സമസ്തവു . . . . മെന്നെയും!
വേദനകൊണ്ടു വിടയുകയാണുമ-
ച്ചേതന നിന്നെ മറക്കാൻ ശ്രമിയ്ക്കവേ.

പൂനിലാവിന്നൊളിയോളങ്ങളിലുള്ള-
പോളകൾക്കുള്ളിൽ ത്തിളങ്ങുന്ന മാതിരി,
എൻജീവരക്ത ബിന്ദുക്കളിലൊക്കവേ
തിങ്ങിയൊട്ടിപ്പിടിച്ചുള്ളവളാണു നീ.

ആരിലും നിന്നു കന്നേകാകിയായെന്നെ-
യോമനിച്ചോ, മലേ, നിന്നെ മറന്നു നീ.

തെററിയി സൌഹൃദകണ്ണിയകത്തുവാ-
നററു ശ്രമിച്ചു നിന്നററവരോടുമേ!
അത്യുന്നർഘമായാത്മാർത്ഥതയോടെ-
നിത്യവും സ്നേഹിച്ചിരിയ്ക്കാച്ചു തോഴനെ.

വഞ്ചിതയായി നീയയ്യോ! ഭവൽസ്നേഹ-
സഞ്ചിത ഭാഗ്യാർഹതല്ലിവൻ പങ്കിലൻ!
സമ്മതിച്ചാലുമിത്തോഴനെ വിസ്മൃതി-
തന്മൂടൽ മഞ്ഞിലലിഞ്ഞു ലയിക്കുവാൻ!

പാവന വെള്ളി നക്ഷത്രമേ! ജീവിത-
പാതയിൽ പാൽക്കതിർ പാകിയ ദിവ്യതേ!
രോമഹഷങ്ങൾ വിരിയിച്ചൊരോമ്മത-
ന്നോമൽപ്പനീർ പൂക്കളോരൊന്നുമിന്നു ഞാൻ
നുള്ളിയെറിയുവാൻ പ്രേരിതനായ്മനം
പൊള്ളിയെരിഞ്ഞു പൊരിയുന്നുവെങ്കിലും!

ജീവിതം മോദദം, ലോകം മനോഹര-
മേവം കരുതുന്ന നീയെന്നിരിയ്ക്കിലും,
അഞ്ചാറുപേരുടെ ജീവിതമാനന്ദ-
സാന്ദ്രത തന്മടിത്തൊട്ടിലി ലാട്ടുവാൻ
എത്ര സഹസ്ര മാത്മാക്കളെരിയണം;
നിത്യനൈരാശ്യച്ചുടല തൻ ജ്വാലയിൽ?

II

ഇല്ലിനിമേലിൽ മുരടിച്ചു നിൽക്കുക-
യില്ലലിൻ ചളിക്കുണ്ടിലിജ്ജീവിതം.
നാറിവേിച്ചതാം ഭൂതാകാലപ്പിണം
പേറിനിൽക്കില്ലീ വഴിവക്കിലിന്നി ഞാൻ!

കണ്ടുനാം ജീവിതദാഹാത്തർ, മന്നിൻെറ-
തണ്ണീർക്കുടിലിൽ വെച്ചന്നാപ്പുലച്ചയിൽ.
ആകൃഷ്ടചിത്തരായന്നേ മുതൽക്കുനാ-
മാകേ മുഴുകിതേ യാസ്വാദനങ്ങളിൽ.
ഇല്ലിനിമേലിൽ വരില്ല മന്ദ്ര നിലാ-
സ്വർല്ലോക ഹഷം വിതറിയ വേളകൾ.
എല്ലാം മറന്നുവെടിഞ്ഞു പിരിഞ്ഞിതാ
മെല്ലെത്തിരിയ്ക്കുന്നി തെൻവഴി നോക്കി ഞാൻ
ഇന്നലെത്തേതിൻെറ ചങ്ങലക്കണ്ണിക-
ളൊന്നൊഴിയാതെ യറുത്തുകളക നാം!
കേവലമന്യരെപ്പോലെ കരുതി നാം
ജീവിയ്ക്കുമേലിൽ, . . ക്ഷമിയ്ക്കുണേ സോദരീ!
സാഭവബുൽബുദസഞ്ചയമായിരം
പൊന്തിമാഞ്ഞീട്ട മലയല്ലി ജീവിതം?
ഓരോ ദിനത്തിൽ കടവിലും ജീവിത-
ത്തോണി ചെന്നിത്തിരി നേരം കിടക്കവേ,
എത്ര പുതു സംഭവങ്ങൾ ചരക്കുക-
ളേററുന്നതിലുടൻ വീണ്ടുമിറക്കുന്നു?
കഷ്ടം മറക്കാൻ പഠിച്ചില്ലയെങ്കിലീ-
മർത്ത്യമഹത്വങ്ങളന്നേ മറഞ്ഞുപോയ്!
പൂവിട്ടു വീണ്ടും കൊഴിയാത്ത വല്ലിയെ
പ്പോലെ മുരടിച്ചു നിന്നേനെ ജീവിതം!
ഭൂതകാലം തരും കണ്ണീരിലെന്തിനെൻ
ചേതന വീപ്പുമുട്ടി ക്കുഴങ്ങീടണം?
ദഗ്ദ്ധനിരാശത നീട്ടിത്തരുന്നൊരീ-
യെട്ടുചാൺ ചൂടിക്കയറുമെടുത്തു ഞാൻ,
ഇല്ല, കുടുക്കി ഞെരുക്കില്ല തെല്ലുമുൽ-
ഫുല്ലസൌഖ്യത്തിൻ വിളനിലം ജീവിതം.
ഭാവിതൻ ഭാഗ്യക്കുറിയിൽ ഞാൻ ചേന്നെൻെറ-
ഭാഗധേയത്തെപ്പരീക്ഷിയ്ക്കുമെപ്പോഴും!

III

പുത്തനായുള്ളോര രംഗത്തു ചെന്നിനി-
നൃത്തം തുടങ്ങാനൊരുങ്ങിയിരിക്കയാൽ,
ഇന്നലെയോട്ടുള്ളിടപാടുകളൊക്കെ-
യിന്നു കണക്കുപറഞ്ഞു ഞാൻ തീക്കണം.

പാവങ്ങളും ദുഷ്പ്രഭുക്കളുമായുള്ള-
ജീവന്മരണസമരം തുടർന്നുപോയ്!
എന്നും സഹിയ്ക്കാൻ കരുത്തെഴും പുത്തനാം
ചെമ്പടച്ചട്ടയണിഞ്ഞു കഴിഞ്ഞു ഞാൻ
പാവങ്ങളാമെൻ സഖാക്കളോടൊന്നിച്ചു-
പോരാടിടാനായ് പുറപ്പെടട്ടെ യിനി!

തീവ്രസമരപ്പിശാചിന്നൊരിയ്ക്കലെ-
ത്തീനായിയെങ്കിൽ . . . . കരഞ്ഞീടരുതു നീ!
എന്നുമടിമയായ് ത്തന്നെ യിരിപ്പതി-
ന്നെന്നെ യനുവദിയ്ക്കില്ലെൻെറ പൌരുഷം!
പോക്കളം കാൺകവേ, ചോര തിളയ്ക്കുന്നു
പൊട്ടിത്തെറിയ്ക്കുന്നിതെന്നുടെ ഹൃത്തടം!
എത്തിക്കഴിഞ്ഞു ഞാനെൻ തീത്ഥയാത്രയി-
ലിത്രനാളും കൊതിച്ചുള്ളൊരക്കോവിലിൽ!
. . . . . . . . . . . . . . . . . . . . . . . . . . .

പോരിന്നണി നിരന്നീടേണ്ട നേരമായ്-
പോകട്ടെ, വേഗം വിടതരൂ. . പോട്ടെ ഞാൻ!

കാലചക്രങ്ങൾ കറങ്ങിത്തിരിയവേ,
കാണാം ഒരിക്കൽ, ഒരുപക്ഷെ തമ്മിൽ നാം!
എങ്കിലുമിന്നു പിരിയുക നമ്മൾക്കു-
രണ്ടു വഴിയ്ക്കു; ഞാൻ പോട്ടെ സുമംഗളം.!!

---

# സ്വാഗതഗീതം

(കുറുവങ്ങാട്ടു, കെ. ജി. പണിക്കർ)

വിജയം :—

എന്നാത്മ ചൈതന്യത്തിൻ സൌഭാഗ്യ സുഷമയും.
എന്നാളും ഞാനേലുന്ന സൌജന്യത്തെളിമയും.
ഒന്നായി വന്നേൽക്കുവാനാരെല്ലാം കൊതിച്ചില്ല!
നന്നായിട്ടുള്ളതിന്നേ മത്ത്യന്നു മാററിത്വമാം.

ഉണ്ടെനിക്കൊരു സ്വതസ്സിദ്ധമാം ക്ഷമാശീലം,
കണ്ടതിൽ കണ്ണൂന്നുന്ന കൌശലപ്പുതുമയും
രണ്ടുമാന്നിദം, സൂക്ഷ്മഗ്രഹണം സാധിപ്പിച്ചേ-
പ്പൂണ്ടുകൊള്ളുവാനോങ്ങും പുത്തനാം ചാച്ചയേതും.

കേവല ദുരാഗ്രഹപ്പേക്കൂത്തെൻ പ്രാഭവത്തിൻ-
ഭാവശുദ്ധിക്കു മുന്നിൽ കൂപ്പു കൈയപ്പിക്കുന്നു.
നോവിൻെറ കൂട്ടുകെട്ടുമാന്നെത്തും ദയാമുഗ്ദ്ധ-
പാവിതസ്മിതപ്രേമച്ഛാത്തെന്നെ മയക്കുന്നു!
സത്യവും, സൽഭാവവും, ചിത്തശുദ്ധിയുമാന്ന
നിത്യമാമൈക്യശക്തിയ്ക്കുതകും പ്രേമക്കാമ്പേ!
അന്യന്നു ചിരക്ഷേമമേകുവാനേറെ ത്യാഗ-
മന്യവിൽ തപൂയായി ശുദ്ധയായവൾ നീ താൻ!

ചൊല്ലിയാലൊടുങ്ങാത്ത മഹത്വം നിനക്കുണ്ടെ-
ന്നുള്ളുള്ള ലോകമോരും; ഞാനതു വണ്ണിക്കേണ്ട.
ഉദ്ദേശ ശുദ്ധി, സൂക്ഷ്മഗ്രാഹ്യത, ദയാപൂര-
മുത്തരോത്സാഹം തീവ്രനിഷ്ഠയും സഹ്യശീലം,
മാതാവിന്നൊത്തശുദ്ധസ്നേഹവു, മിയന്നാലെ-
ഞാൻ താവും ഹിതമൊട്ടു മാത്രവും എന്മനസ്സിൽ
എന്നെ നീ ലയിപ്പിച്ചു തികച്ചും നിന്നിൽ, എത്ര
ധന്യത വളത്തും നീ മേലിലെന്നൈക്യത്തിലും!
ഒരുമിച്ചിണങ്ങിയ സന്മനക്കൂറാണി “തെൻ-
പെരുമയ്ക്കുത്യാവശ്യം” ഞാനിതി നിനയ്ക്കുന്നു.
സ്നേഹചോദിതമകം മാമകം ഇന്നിമേലിൽ-
ആഹവം പ്രാപഞ്ചീകം ഏല്ക്കരുതായ്വാനായി, [മാജ്യ-
ശ്രീയുതേ! നിന്നെത്തന്നെ വേൾക്കട്ടെ, ഞാൻ, സാ
മ്രാജ്യതൻ എന്നെല്ലാരും പറയും; പറഞ്ഞോട്ടെ.
എന്നിലാഗ്രഹിച്ചിഷ്ടം കൈവരാതിളിഭ്യരായ്-
കണ്ണിൽ കണ്ടതിന്നൊക്കെ ദൂഷണ പടുക്കളായ്,
നൈരാശ്യച്ചൂടേററുണ്ടാം പേമൊഴി മൊഴിയുകി-
ലാരാജ്യദ്രോഹികൾക്കു നാശമേ വന്നുകൂടും.
എന്നഭിമതം സാക്ഷാൽ സത്യത്തിൽ ജനിച്ചതാ-
ണെന്നഭിജ്ഞത ദീനരക്ഷണ ബോധാശ്രിതം.
പുണ്യമാണെനിക്കെൻെറ നേട്ടം, ഞാനെന്തായാലും
ധന്യനാണെന്നും മമ ജീവിതം സുഖപ്രദം!

ചെറുകഥ

# എഴുത്തും ഏലിയാമ്മയും

എൻ. ജെ. പാമ്പാടി.

I

"പ്രിയപ്പെട്ട ആലീ!

പ്രേമാർദ്രമായ നിൻെറ കത്തു് ഒരു നവ്യ മരതകപ്രഭ എന്നിൽ പരത്തി. വളരെ വന്ദനം."

ഏലിയാമ്മ കത്തു വായിച്ചുതുടങ്ങി. നിർമ്മലമായ സുന്ദരസ്വപ്നങ്ങൾ പലതും കാണുവാൻ ഭാവനാഗോപുരത്തിൻെറ മുകൾപ്പരപ്പിലേക്ക് അവൾ പറന്നു കയറി. പക്ഷെ, ആ സങ്കല്പസോപാനത്തിൻെറ അടിക്കല്ലുകൾക്ക് അവളെ താങ്ങിനിൽക്കുവാനുള്ള കെല്പുണ്ടായിരുന്നില്ല.

II

എത്ര ആഹ്ലാദത്തോടുകൂടിയാണു് ഏലിയാമ്മ ആ കത്തു വാങ്ങി മുറിയിലേക്കോടിയതു്! ചിറകു വിരിച്ച ജീവല്ലതികപോലെ അവൾക്കു തോന്നിയ ആ കത്തു് അവൾ പലവുരു ചുംബിച്ചു മാറോടു ചേർത്തമർത്തി.

ഇന്നും ഇന്നലെയുമല്ല ജോർജ്ജിൻെറ കയ്യുടയുമായി ഏലിയാമ്മ പരിചയപ്പെട്ടുതുടങ്ങിയതു്. നീണ്ടുരുണ്ടുപോകുന്ന ആ അക്ഷരക്കൂട്ടങ്ങൾ! പ്രതിദിനം പതിനാറായിരം കത്തുകൾ ലഭിക്കുന്ന റൂസ്‌വെൽററിൻെറ എഴുത്തുപേടകത്തിൽ കലർത്തിയിട്ടാലും ഞൊടിയിടകൊണ്ടു് "ജാജി" യുടെ കത്തുകൾ—തൻെറ ജീവിതക്കൂട്ടുകാരനെ അങ്ങിനെയായിരുന്നു അവൾ വിളിച്ചിരുന്നതു്—തപ്പിയെടുക്കുവാൻ അവൾക്കു കഴിയുമായിരുന്നു. ആ വാചകവൈചിത്ര്യങ്ങളുടെ നവവീചികളിൽ നിർദ്ദോഷങ്ങളായ നീർക്കുമിളകൾ അവൾ ഇടുവാൻ ആരംഭിച്ചതിനുശേഷം 'മുല്ലമുററത്തിൻെറ' തെക്കു-കിഴക്കെ മുററത്തരികിൽ, നിൽക്കുന്ന മാവും മുരിങ്ങയും ഇപ്പോൾ ഏഴാം പ്രാവശ്യവും പുഷ്പിച്ചിരിക്കയാണു്.

വികാരദ്യോതകമായ ചിന്താശതകങ്ങൾ അവളുടെ ഹൃദയഗഹ്വരത്തിൻെറ നിഗൂഢപേടകത്തിൽനിന്നും ചിറകുവിരിച്ചു് വെളിയിലേക്കു കുതിക്കുവാൻ ഹൃദയഭിത്തിയെ നിഷ്ഠുരണം മുട്ടിച്ചുകൊണ്ടിരുന്നതിൽ തികച്ചും അസ്വസ്ഥത തോന്നിയിട്ടായിരിക്കണം, ആ വെള്ളപ്പട്ടുകവചത്തിനുള്ളിൽ ദീർഘനാളുകളായി പരിപൂർണ്ണ വിശ്രമസുഖം അനുഭവിച്ചുകൊണ്ടിരുന്ന ആ "നീർക്കുടങ്ങൾ" പൊങ്ങിയും താണും സ്വാമിനിയോടു സങ്കടം ബോധിപ്പിച്ചുകൊണ്ടിരുന്നതു്!

ഭദ്രമായി കട്ടിച്ചിരുന്ന ലക്കോട്ടിൻെറ വിളുമ്പുകളിൽ ഏലിയാമ്മ വെള്ളം പുരട്ടി. ജിജ്ഞാസയോടെ കാത്തിരുന്നു; അതേ, അതിനു തക്ക ക്ഷമാശീലം അവൾക്കുണ്ടായിരുന്നു.

അജാഗ്രതയായി കവറുകൾ വലിച്ചുകീറുന്ന 'തടപുടൽ' സമ്പ്രദായങ്ങളൊന്നും ഏലിയാമ്മയ്ക്കുണ്ടായിരുന്നില്ല. സമരവേളകളിൽ സാധാരണയായി ഉണ്ടാകാറുള്ള എക്കണോമില്പിശാചൊന്നുമല്ല അതിനു കാരണം. തൻെറ ജീവിതേശ്വരൻെറ പ്രേമഗർഭമായ വിരല്ലതികകൾ ആ കവറിൻെറ ഉള്ളിലും പുറത്തും ഒരുപോലെ അലിഞ്ഞു ലയിച്ചിട്ടുണ്ടെന്നു് അവൾ ദൃഢമായി വിശ്വസിച്ചിരുന്നു. അല്ലെങ്കിൽത്തന്നെ ഭൂഗോളത്തിൻെറ ഏതോ ഒരു കോണിലുള്ള 'പേരില്ലാപ്പട്ടണ' ത്തിൽനിന്നും ആകാശവും കരയും കടലും കടന്നു അസ്ഥോപമമായ ആ പ്രേമപ്രതിഛായകൾക്കു് ക്ഷേമമായി മുല്ലമററത്തേക്കു വന്നുചേരുവാൻ സദാപി 'സെൻട്രിയായി' നിന്നിരുന്ന 'ലക്കോട്ടുവീര'ന്മാരുടെ ശിരച്ഛേദനം ചെയ്യുവാൻ അവൾ അത്ര കൃതഘ്നയായിരുന്നില്ല!

ജലകണങ്ങൾ നന്നായി തുവരുന്നതുവരെ ഏലിയാമ്മ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടിരുന്നു. നീലകറുപ്പു വർണ്ണങ്ങളിൽ മാറിമാറിപ്പതിച്ചിരുന്ന മുദ്രകൾ അവളുടെ ആഴമായ ശ്രദ്ധക്കു് വിഷയമായി. ശാന്തമായ ആ മുറിയിലെ അന്തരീക്ഷത്തിന്നു് ലഘുവായി ഒരു ചലനംതന്നെ ഉണ്ടായി! അതേ, അവൾ തുടിക്കുന്ന ഹൃദയത്തോടുകൂടി നെടുവീർപ്പിടുകയായിരുന്നു—ചുടുനെടുവീർപ്പുകൾ!

തൻെറ പഴയ എഴുത്തുഫയൽ തുറന്നു നിർന്നിമേഷയായി അവൾ തുറിച്ചുനോക്കി. വെറുപ്പും നിരാശയും മൃണാളകോമളമായ ആ മുഖവദനത്തിൽ അങ്ങുമിങ്ങും ചില കരിഞ്ചായപ്പൊട്ടുകൾ ചാർത്തി. 'എന്തു്? അതും അവളുടെ ജാജിയുടെ കത്തുകളല്ലേ? ആ പ്രേമരാജൻെറ അനുരാഗപ്രബന്ധങ്ങൾ? ഏലിയാമ്മേ? ആ ലിപിസമുച്ചയങ്ങൾക്കും ഈ നെടുവീർപ്പുകൾക്കും തമ്മിൽ എന്തു സാംഗത്യമാണുള്ളതു്? അതേ ആ ലേഖനങ്ങളുടെ മുൻപിൽ കാഴ്ചവെക്കുവാൻ അവൾക്കുണ്ടായിരുന്ന ഉപഹാരം നെടുവീർപ്പുകൾ മാത്രമായിരുന്നു.

"ഈ പ്രാവശ്യമെങ്കിലും ജാജി ശ്രദ്ധയോടെ എഴുതിയിരിക്കുമോ എന്തോ? തന്നത്താൻ പിറുത്തുകൊണ്ടു അവൾ ലക്കോട്ടു തുറന്നതേയുള്ളു. എന്തൊരത്ഭുതം? മസൂരിബാധിതൻെറ മുഖത്തു തെളിഞ്ഞുകാണാവുന്ന 'വടുവുകൾ' പോലെ തനിക്കുരുപ്പമഷിയിൽ വേണ്ടുവോളം "വെട്ടലും തിരുത്തലും" നിറഞ്ഞു് നീക്കി ബാക്കിയുള്ള ഭാഗങ്ങളിൽ അങ്ങുമിങ്ങും ചില ചില്ലറ ഓപ്പറേഷനുകൾക്കും വിധേയമായ നാലഞ്ചു കടലാസ്സുതുണ്ടുകൾ കവറിനുള്ളിൽനിന്നും വെളിയിലേക്കു ചാടി.

അതേ, സമ്മതിച്ചേ തീരൂ ആ നെടുവീർപ്പുകൾ കേവലം നിരർത്ഥകങ്ങളായിരുന്നില്ല എന്നു്.

വിശേഷവിധിയായി അത്ഭുതമൊന്നും ഏലിയാമ്മയ്ക്കു തോന്നിയില്ല. കാരണം ഈ അനുഭവം അവൾക്കു കേവലം പുത്തരിയായിരുന്നില്ല.

ഒരിക്കൽക്കൂടെ ഒരു എവറസ്റ്റാരോഹണത്തിനു തന്നെ ഏലിയാമ്മ സന്നദ്ധയായി. താഴെ വീണുപോയ കടലാസ്സു കഷണങ്ങൾ മേശമേൽ ക്രമത്തിനു് അടക്കിവെച്ചുനോക്കി. ഒടുവിൽ ഒരു വിധത്തിൽ ശരിയാക്കി ആർത്തിയോടെ വായന തുടങ്ങി.

. . . . . . . . . . .

3—6—1944.

"പ്രിയപ്പെട്ട ആലീ,

പ്രേമാർദ്രമായ നിൻെറ കത്തു് ഒരു നവ്യമരതകപ്രഭ എന്നിൽ പരത്തി. വളരെ വന്ദനം.

ശുക്ലപക്ഷമാണിപ്പോൾ. വെള്ളി ഉരുക്കി ഒഴിച്ചതുപോലുള്ള ചന്ദ്രികയും ഒളിരിളം തെന്നലും!

ആലി! കഴിഞ്ഞ ദിവസം. . . . . . . . .തന്നു. ചരിത്രപ്രസിദ്ധമായ. . . . . .ഉണ്ടു്. . . . . . . . . . .നിസർഗ്ഗസുന്ദരമായ സംവിധാനങ്ങളും!

ഇന്നലെ. . . . . .തോറും. . . .ഞങ്ങൾ. . . . എന്തൊരു ആരവാരവും കൂട്ടവും?

. . . . . .നീന്തി. നല്ല ഒരു പാർക്കുണ്ടു് അവിടെ. പാർക്കിൽനിന്നും വടക്കുകിഴക്കായി കിടക്കുന്ന രാജപാത. . . . . .താണു്. ചരിത്രത്തിൽ പഠിച്ചിട്ടില്ലേ?. . . . . . . . !

പ്രിയേ! പലതും എഴുതുവാനുണ്ടു്. സാവകാശത്തിലാകാം. എഴുത്തു ചുരുങ്ങിപ്പോയതിൽ പരിഭവിക്കയില്ലല്ലോ.

സ്നേഹചുംബനങ്ങൾ

സ്വന്തം ജാജി."

അവൾ, നാലാമതും അഞ്ചാമതും ആ കത്തു് മനസ്സിരുത്തി വായിച്ചു തല ചുട്ടും ആലോചിച്ചു. ആ അപൂർണ്ണങ്ങളായ വാചകക്കഷണങ്ങളുടെ ആശയം ഉൽപ്രേക്ഷിക്കുവാൻ. ശിഥിലമായ അവളുടെ ഹൃദയത്തിൽനിന്നും അകന്നകന്നു നിന്നിരുന്ന അപൂർണ്ണങ്ങളായ ജോർജ്ജിൻെറ കത്തിലേ മുറിവേററ ലിപികളുടെ മറവിൽ ഒളിച്ചിരുന്ന ആശയബാലകങ്ങൾ!

പാവം! നെടുവീർപ്പിടുകയല്ലാതെ അവൾ എന്തു ചെയ്യും?

നിരക്ഷരകുക്ഷിയായിരുന്നില്ല ഏലിയാമ്മ. സുശിക്ഷണപടു. അബല, ചപല, എന്നു തുടങ്ങി കേരളാംഗനമാരെ ഹസിക്കുന്ന യോഗ്യശിരോമണികൾ ഏലിയാമ്മയുടെ മുൻപിൽ തല കുനിച്ചു പോകുന്നെങ്കിൽ അതു് അതിശയോക്തിയല്ല.

നാളതുവരെയുള്ള സമരചരിത്രം ആണ്ടും തിയതിയും ക്ലിപ്തപ്പെടുത്തി മുറതെററാതെ പറയുവാൻ അവൾക്കു കഴിവുമായിരുന്നു.

സമരവേളകളിൽ ഭടന്മാർ കൈക്കൊള്ളേണ്ട അനുപേക്ഷണീയങ്ങളായ നിയമസംഹിതികളേക്കുറിച്ചു് ഏലിയാമ്മയും കേട്ടിട്ടുണ്ടു്. ആഫ്രിക്കയുടെ വരണ്ട മണൽക്കാടുകളിലും മദ്ധ്യതരണ്യാഴിയുടെ ഇരുണ്ട ചുഴികളിലും ശാന്തസമുദ്രത്തിൻെറ അഗാധമായ അടിത്തട്ടിലും ഒരുപോലെ വിജയത്തിന്നായിപ്പോരാടുന്ന പടയാളികളുടെ ഹൃദയപേടകത്തിനുള്ളിൽ അനന്തമായ എത്രയോ രഹസ്യവൃത്താന്തങ്ങൾ വായുവിൽ വിലയിപ്പിക്കാതെ കുഴിച്ചു മൂടേണ്ടതുണ്ടു് എന്നും അവൾക്കറിയാം. അറിഞ്ഞോ അറിയാതെയോ പുറത്തു ചാടുന്ന രഹസ്യങ്ങൾ നിസ്സാരങ്ങളെന്നു് പ്രയോക്താവിനു തോന്നിയാലും സാമ്രാജ്യങ്ങൾപോലും കൈവിട്ടുപോകുവാൻ ചിലപ്പോൾ അവ ഹേതുകങ്ങളായിത്തീർന്നേക്കാമെന്ന തത്വവും അവൾ മനസ്സിലാക്കിയിട്ടുണ്ടു്.

ഏലിയാമ്മ കഴിഞ്ഞ പ്രാവശ്യം കത്തയച്ചപ്പോഴും അക്കാര്യങ്ങളെ സൂചിപ്പിച്ചു. ശക്തിയായി എഴുതിയിരുന്ന തൻെറ പ്രേമസർവ്വസ്വം അയയ്ക്കുന്ന എഴുത്തിൻെറ ചില കഷണങ്ങൾ മാത്രമേ പലപ്പോഴും തനിക്കു് ലഭിക്കാറുള്ളു എന്നു ഒരിക്കലും അവൾ എഴുതിയിട്ടില്ല. ആ പരമാർത്ഥം ജോർജ്ജിനെ തകിടം മറിപ്പിക്കുമെന്നു് അവൾക്കറിയാം. പ്രത്യുത സൈന്യവ്യൂഹത്തിൻെറ നിയമപരിധിയിൽ നിലതെററാതെ നിന്നുകൊള്ളേണ്ടതിൻെറ ആവശ്യകത ശക്തിപൂർവ്വം ഉത്ബോധിപ്പിച്ചിരുന്നു അവളുടെ വാചകങ്ങളിൽ.

ഒരിക്കൽ അവൾ ഇങ്ങിനെ എഴുതി: "പട്ടാളത്തിച്ചേർന്നാപ്പിന്നെ കഴുത്തോക്കയറിട്ട പോലെയല്ലേ? മരത്തേക്കേറണം! ചാടണം! ചാകണം!! ഇതല്ലേ പട്ടാളക്കാരൻെറ തലേലെഴുത്തു്?" എന്നും മററും അടുക്കളത്തിണ്ണകളിൽ പലപ്പോഴും നടക്കാറുള്ള "അമ്മൂമ്മ പ്രസംഗങ്ങളോടൊപ്പം ആശയഗതികളേ അഴിച്ചു വിടുവാൻ കേവലം ഹൃദയരഹിതയല്ല ഞാൻ. ഈ 'പരന്നു കിടക്കുന്ന' ഭൂലോകംതന്നെ ഒരു പടക്കളമല്ലേ.?

'ഭക്ഷ്യമായ തൻെറ ആഹാരത്തിനു മതിയാകുമായിരുന്ന ഒരു പുഴുവിനെ പൂച്ചി ഇരയായി പിടിച്ചു. അടുത്ത നിമിഷം ഒരു തവളയുടെ വായിൽ ഇരയായി കുടുങ്ങി ആ പൂച്ചി. ഒരു പാമ്പു തൻെറ ഉദരപൂരണത്തിനായി ആ തവളയെ പിടികൂടിയപ്പോഴേക്കും ഒരു കീരിയുടെ ബലിഷ്ഠമായ വക്ത്രത്തിൽ അകപ്പെട്ടുപോയി ആ ഉരഗം!' രസമല്ലേ കഥ! കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന ന്യായേന ഓരോന്നും അതാതിൻെറ ഉദരപൂരണത്തിനുവേണ്ടി മാത്രം പോരാടുകയായിരുന്നു.

പോരാട്ടം കൂടാതെയുള്ള പ്രപഞ്ചത്തെ ഈശ്വരൻ സൃഷ്ടിച്ചില്ല. ഓരോ സൃഷ്ടിജാലങ്ങളുടേയും താല്പര്യങ്ങളും പാരമ്പര്യങ്ങളും പരിഗണിച്ചു് പോരാടുക തന്നെ വേണമെന്നാണു് നിയതിയുടെ നിയമനം എന്നല്ലേ ഇതിൽ നിന്നും വ്യക്തമാകുന്നതു്? ഇതാണു് പ്രപഞ്ചമെങ്കിൽ സൃഷ്ടികളിൽ മകുടമായ മനുഷ്യജാതി എത്രയധികം പോരാടേണ്ടിയിരിക്കുന്നു സത്യത്തിനും ധർമ്മത്തിനും വേണ്ടി!"

മററൊരു കത്തിൽ അവൾ ഇങ്ങിനെ എഴുതി: “ജാജീ! അങ്ങയുടെ വിരഹം പലപ്പോഴും എന്നെ തരളിതയാക്കുന്നു. എത്രയെത്ര രാത്രികൾ നിദ്രാവിഹീനയായി ഞാൻ കഴിച്ചുകൂട്ടിയിട്ടുണ്ട്? ഇത്ര ദീർഘമായ വിരഹം എനിക്ക് സഹിച്ചുകൂടാത്തതുതന്നെ. തള്ളക്കോഴിയുടെ ചിറകടിയിൽ വിശ്രമിക്കുവാൻ കഴിയാതെവന്നാൽ ഒരു കോഴിക്കുഞ്ഞിന് എത്ര കാലം ജീവിക്കുവാൻ കഴിയും? ഈ വിരഹാഗ്നിയിൽ ദഹിച്ചുപോയെക്കുമോ എന്ന് ചിലപ്പോഴെല്ലാം ഞാൻ ഭയപ്പെടാറുണ്ട്.

“ഒരേ ഒരു ചിന്ത പലപ്പോഴും എന്റെ സപ്തനാഡികളിലേക്ക് ജീവൽകണികകൾ കുത്തിവെയ്ക്കാറുണ്ട്. അനതിദൂരഭാവിയിൽ സംപ്രാപ്യമാകാവുന്ന വിജയസ്ഫുലിംഗങ്ങളാണ് ആ ആശാവല്ലരികൾ! ജാജീ! ഈ മേഘാവൃതമായ വിയന്മണ്ഡലത്തിൽ ഒളിഞ്ഞുനിന്നു പ്രകാശിക്കുന്ന ഒരു വിജയതാരക എന്റെ ദൂരദർശിനിയിൽ സ്പഷ്ടമായിക്കാണുന്നുണ്ട്. ആ പ്രഭാസ്ഫുരണത്തെ ആവരണം ചെയ്തിരിക്കുന്ന തിരശ്ശീലയിലേക്കുതന്നെ നിങ്ങളുടെ വലിയ തോക്കുകൾ തിരിച്ചുവയ്ക്കുക!

“ഈ വിരഹമൊക്കെ ഞാൻ സഹിച്ചുകൊള്ളാം. ഭവനം അഗ്നിക്കിരയാകുമ്പോഴല്ലല്ലോ നമ്മ ചുംബനങ്ങൾക്കുള്ള അവസരങ്ങൾ? വിരഹാർത്തിയുടെ നിർദ്ദയമായ തിരമാലച്ചുഴികളിൽ താണുപോകാതെ എന്നെ പൊക്കിനിർത്തുന്ന പൊങ്ങുതടികൾ ഈ പ്രകാശങ്ങൾ മാത്രമാണ്.

“ഭൂലോകത്തിന്റെ ചരിത്രം—അതേ, മനുഷ്യജാതിയുടെ ചരിത്രം—തകിടം മറിക്കുവാൻ ക്രൂരമായി യത്നിച്ച ആ നശിച്ച ‘ഇസങ്ങൾ’ തുലയട്ടെ. അതിന്റെ ശവക്കുഴി തോണ്ടൽ പൂർത്തിയാകാറായില്ലേ? ജാജീ! കുറേ ആഴത്തിൽ തോണ്ടണം ആ ശവക്കുഴികൾ!”

### III

അതിരാവിലെ അയാൾ ഉണർന്നു അന്നൊരു ശനിയാഴ്ച ദിവസം. തന്റെ വൈവാഹികജീവിതത്തിന്റെ ഏഴാമത്തെ വർഷം പൂർത്തിയാകുന്ന ആ സുദിനത്തിൽ അനിതരസാധാരണമായ ഉന്മേഷവും ഉത്സാഹവും ജോർജ്ജിനുതോന്നി. തന്റെ കൂട്ടുകാർക്ക് അന്നയാൾ ഓരോ സിഗരെററ് സമ്മാനിച്ചു. ഉല്ലാസഭരിതനായി അന്നത്തെ പരിപാടികളെല്ലാം നിയമചക്രത്തിൽനിന്നു തന്നെ ചെയ്തുതീർത്തു. അതാ, ആ വിളക്കിന്റെ മുൻപിൽ ഇരിക്കുന്നതു് ജോർജ്ജ് തന്നെയാണ്. അടുത്തിരുന്നു ചീട്ടു കളിക്കുന്ന കൂട്ടപടയാളികളുടെ കൂക്കലുകളോ, ഊണു കഴിഞ്ഞാലുടനെ “ചാർപ്പായിപ്പരേഡിലേക്കു” കുതിക്കുന്ന സ്വാമിയാരുടെ കർണ്ണകഠോരമായ കൂർക്കം വലിയോ ഒന്നും ജോർജ്ജിന്റെ കർണ്ണപുടങ്ങളിൽ പതിയുന്നേയില്ല. എങ്ങിനെ പതിയും? മുല്ലമുററവും പരിസരങ്ങളെ ഒരു മാന്ത്രികനേപ്പോലെ തന്റെ കൊതുകുവലയുടെ അടുക്കലേക്ക് ആവാഹിക്കുവാൻ ബദ്ധപ്പെടുകയാണയാൾ. തന്റെ പ്രിയപ്പെട്ട ആലിക്കു ആ പ്രേമകേദാരത്തിനു്—അതേ തന്റെ സ്വന്തം ഏലിയാമ്മയ്ക്കു്—കത്തെഴുതുവാനുള്ള സംരംഭങ്ങളാണ്.

തിങ്കളാഴ്ച നടത്തപ്പെടുന്ന റോൾകാൾ പരേഡിൽ ജോർജ്ജിന്റെ നില ഒന്നു കാണേണ്ടതുതന്നെ. ആലിക്കു കത്തിടുന്ന ദിവസം അന്നാണ്. കഴിഞ്ഞ രണ്ടു വർഷക്കാലത്തെ തന്റെ പട്ടാളജീവിതത്തിനിടയിൽ ഈ ‘സോമവാരവ്രതം’ അയാൾ ലംഘിച്ചിട്ടില്ല. കത്ത് ആ താടിക്കാരൻ ബാബുജിയുടെ കയ്യിൽ സമർപ്പിക്കുന്നതുവരെ ആകാശത്തിന്റെ നീലിമയേറും മുകളിലായി എവിടെയൊക്കെയോ പറന്നുകൊണ്ടിരിക്കും ആ പ്രേമസമ്പന്നന്റെ ഹൃദയം.

ഉപമയും ഉല്ലേഖവും ചേർത്തിണക്കി “ജാജി” മനോഹരമായ കത്തുകളെഴുതും “മറുപടിക്കു കൈനീട്ടുന്നു.” “ഇത്രയും എഴുതി എന്റെ പേനയ്ക്കും ലീവു കൊടുക്കുന്നു” എന്നും മററുമുള്ള “പട്ടാളപ്രയോഗങ്ങ”ളൊന്നും അയാളുടെ കത്തിൽ കാണുമായിരുന്നില്ല. അവിടെക്കാണാം ചില വാചകങ്ങൾ. ജീവിതത്തിന്റെ സജീവങ്ങളായ പ്രായോഗികപരമാർത്ഥതകൾ! പ്രേമനിർഭരമായ ഹൃദയവേദിയിൽനിന്നും കുതിക്കുന്ന വികാരബുദ്ബുദങ്ങൾ!

സൈനിക വ്യൂഹത്തിലെ അനുപേക്ഷണീയങ്ങളായ നിയമസംഹിതികളേക്കുറിച്ചും ജോർജ്ജിനും അറിവുണ്ട്. പോരെങ്കിൽ “എഴുത്തെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ” എന്ന തലക്കെട്ടിൽ മന:പാഠമാക്കിയിട്ടുള്ള ചില വാചകങ്ങൾ റോൾകാൾ വേളകളിൽ ഉരുക്കഴിക്കുവാൻ ആ താടിക്കാരൻ കിടന്നു മരിക്കുന്നതു കണ്ടു് അവനു് പലപ്പോഴും ചിരിവരാറുമുണ്ട്.

ശത്രുനിരകൾക്കു പ്രയോജനപ്പെടാവുന്ന കാര്യങ്ങൾ കത്തുകളിൽ കാണിച്ചാൽ വരാവുന്ന തകരാറുകൾ തനിക്ക് നന്നായി അറിയാമെന്ന് സ്വയം അഭിമാനിച്ചിരുന്നു ജോർജ്ജ്. വലിയ തോക്കുകൾ നമ്മുടെ പരിശീലന സമ്പ്രദായങ്ങൾ വിമാനത്താവളങ്ങൾ തുടങ്ങിയവകളെപ്പററി എന്തിനെഴുതണം? ജോർജ്ജും പലപ്പോഴും തന്റെ കൂട്ടുകാരെ ഇതു ബോധിപ്പിക്കാറുണ്ടായിരുന്നു അക്കാര്യങ്ങളെപ്പററി. തോക്കുകളുടേയും വിമാനങ്ങളുടേയും അടുക്കലേക്കു മാത്രമല്ല പ്രതിയോഗികളുടെ ശ്രദ്ധ പോകുന്നതെന്ന സന്ദേഹം പോലും ജോർജ്ജിനുണ്ടായിരുന്നില്ല.

ഒരിക്കൽ ജോർജ്ജ് ഇങ്ങിനെ എഴുതി: “ബാബിലോൺ എന്ന് നാം ബൈബിളിൽ വായിക്കുന്ന പട്ടണത്തെക്കുറിച്ച് ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ചരിത്രാതീതമായ കാലങ്ങൾക്കു മുൻപേ പ്രസിദ്ധിപെററ ഈ വിശ്രുതനഗരത്തിൽ പുരാതന ശില്പവൈചിത്രങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും കാണ്മാനുണ്ട്. കൌതുകത്തോടുകൂടി പട്ടണത്തിന്റെ പലഭാഗങ്ങളും ഞങ്ങൾ കണ്ടു. നഗരമദ്ധ്യത്തിൽനിന്നും കഷ്ടിച്ച് നാലു ഫർലോങ്ങു മാത്രമേയുള്ളു ഞങ്ങളുടെ കാമ്പിലേക്ക്. പട്ടണത്തിന്റെ ചുററിലുമായി ഒഴുകിക്കൊണ്ടിരിക്കുന്ന യൂഫ്രട്ടീസും ടൈഗ്രീസ് നദികളുടെ ശാഖകളും ഉപശാഖകളും ഗതാഗതത്തിനുള്ള സൌകര്യം വർദ്ധിപ്പിക്കുന്നു. നദീതീരങ്ങളിലായി നീളെനീളെ കാണാവുന്ന ഈന്തു വൃക്ഷങ്ങളുടെ മനോഹാരിത ഒന്നു വേറേതന്നെയാണ്. ആലീ! അതൊന്നുമല്ല എന്നെ ആകർഷിച്ചതു്. ഇവിടെയുള്ള വമ്പിച്ച വ്യവസായശാലയാണ്......”

സൈനിക വൃത്താന്തങ്ങളൊന്നും ജോർജ്ജ് ആ കത്തിൽ കണ്ടില്ല. വെറും ദേശവൃത്തം. അതിൽ പലതും ശത്രുക്കൾക്കു പ്രയോജനപ്പെടാവുന്ന ജ്ഞാനശകലങ്ങളാണെന്ന ശങ്കയും അവനില്ല. കഷ്ടം! എത്ര കഷ്ണങ്ങളായിരിക്കണം ആ കത്ത് മുല്ലമുററത്ത് എത്തിയതെന്ന് ആരു കണ്ടു?

### IV

അന്നും ജോർജ്ജിന്ന് ഒരു കത്തു കിട്ടി—തന്റെ പ്രിയപ്പെട്ട ആലിയുടേതു്.

ഒരു വിധത്തിൽ അവൻ കത്തുവായിച്ചുതീർത്തു. വിശാലമായ അവന്റെ ഫാലപ്രദേശത്തിൽ പൊങ്ങിയ വിയർപ്പു തുള്ളികളിൽ ചിലവ കപോലഭൂവിലേക്ക് ചെറിയ നീർച്ചാലുകൾ നിർമ്മിക്കുവാൻ പണിപ്പെട്ടുകൊണ്ടിരുന്നു.

അന്നു മാത്രമാണ് ഏലിയമ്മ കാര്യങ്ങൾ തുറന്ന് എഴുതിയതു്.

തന്റെ തകരപ്പെട്ടി തുറന്ന് ഭദ്രമായി സൂക്ഷിച്ചിരുന്ന ആലിയുടെ കത്തുകൾ ഓരോന്നായി അവൻ വെളിയിലെടുത്തു. അർത്ഥഗർഭങ്ങളായിരുന്ന അതിലെ വാചകങ്ങളുടെ അർത്ഥവും അന്തരാർത്ഥവും വിവർത്തനം ചെയ്യുവാൻ അന്നാദ്യമായി അവൻ യത്നിച്ചു.

കൊതുവലയ്ക്കുള്ളിൽ കയറുമ്പോഴും അതുതന്നെ ആയിരുന്നു ജോർജ്ജിന്റെ ചിന്താവിഷയം തന്റെ കത്തുകൾക്ക് മാർഗ്ഗമദ്ധ്യത്തിൽ പററുന്ന പരുക്കുകൾ!

### V

ആലി മാത്രമെയുള്ളു ആ മുറിയിൽ. അവൾ പുഞ്ചിരിപ്പൂമ്പൊയ്കയിൽ ആറാടുകയായിരുന്നു, ആനന്ദത്തിരമാലയുടെ നമ്ര വീചികളിൽ.


അവളുടെ കയ്യിലുണ്ടായിരുന്ന അഞ്ചു കടലാസുകൾ നിറയെ വികാരോത്തേജകമായ ജോർജ്ജിന്റെ ഹൃദയം ഉരുക്കി ഒഴിച്ചിരുന്നു എങ്ങിനെ ആഹ്ലാദിക്കാതിരിക്കും അവൾ?

(8-ാം പേജിൽ നിന്നു)

മനസ്സിലാകുന്നില്ല. ഞാനവരോടു ചോദിക്കട്ടെ, സംസ്കൃതസാഹിത്യത്തിലെ ശ്രേഷ്ഠകൃതികൾ അവർക്കാസ്വദിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? പൌരസ്ത്യത്തിന്റെ പേരിൽ ഒച്ചപ്പാടുണ്ടാക്കുന്ന എഴുത്തുകാരിലധികം പേരും മേഘസന്ദേശാദികളെ ഇനിയും പലതവണ വായിക്കേണ്ടിയിരിക്കുന്നു. എന്നാണെന്റെ അഭിപ്രായം. പ്രതിപാദ്യം പഴയതായാലും അത്തരം കൃതികളിൽനിന്നു കലാകൌശലപരമായി വളരെ സംഗതികൾ ഗ്രഹിക്കാനുണ്ട്. അവയെ അനുസന്ധാനം ചെയ്യേണം നമ്മുടെ കലാകൌശലത്തെ പുരോഗമിപ്പിക്കുവാൻ.

ജീവിതവും സാഹിത്യവുമായി ഗാഢബന്ധം വേണമെന്നും സാഹിത്യത്തെ സർവ്വ ക്ഷേമകരമായ ഒരു നവ്യസംസ്കാരത്തിന്റെ രൂപവല്ക്കരണത്തിനായി ഉപയോഗപ്പെടുത്തണമെന്നും സാംസ്കാരികമൂല്യം കുറഞ്ഞ കവിതക്ക് പുതുലോകത്തിൽ സ്ഥാനമില്ലെന്നും വാദിക്കുമ്പോൾ അതെല്ലാം അന്ധമായ പാശ്ചാത്യാനുകരണത്തിന്റെ ഫലമാണെന്നു ആക്ഷേപിക്കുന്നവർ ഇന്നു കുറച്ചല്ല. അവരോടും ഒന്നപേക്ഷിക്കാനുണ്ട്. ഭരതൻ തൊട്ട് അഭിനവഗുപ്തൻവരെ നീണ്ടുകിടക്കുന്ന സംസ്കൃതകാവ്യമീമാംസയുടെ പാരമ്പര്യത്തിൽ കാവ്യാനുഭൂതിയുടെ ആവശ്യകതയെ നിഷേധിക്കുന്ന യാതൊരു പ്രസ്താവവും കാണുകയില്ല. രസാനുഭൂതിയെക്കുറിച്ച് ആ കലാനിരൂപകത്തിൽ പറഞ്ഞിട്ടുള്ളതെന്തെന്നു പല പരിവൃത്തി പരിശോധിച്ചു നോക്കുക. ജീവനുള്ള, കർമ്മപ്രവണതയുള്ള, യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പാത്രങ്ങളെ യഥോചിതം ഘടിപ്പിച്ച് ജീവിതത്തെ അതിന്റെ സർവ്വ സങ്കീർണ്ണതകളോടുംകൂടി പ്രതിപാദിച്ചിട്ടുവേണം കവി സഹൃദയനെ രസിപ്പിച്ചു ലോകസൌഹാർദ്ദത്തോളം ഉയർത്താനെന്നു സകലാചാര്യന്മാരും എടുത്തെടുത്തു പറഞ്ഞിരിക്കുന്നു. ആ വാസ്തവം മറന്നു “വാക്യം രസാത്മകം കാവ്യം” എന്നതിനു ശ്രുതിമധുരങ്ങളായ വാക്യങ്ങളുടെ നിബന്ധനം എന്നുവരെ അർത്ഥം വെട്ടിക്കുറച്ചു സാഹിത്യത്തിന്റെ പുറപ്പാടു ഹൃദയനിഷ്ഠമായ സംസ്കാരത്തിൽനിന്നല്ല നിഘണ്ടുനിഷ്ഠമായ ശബ്ദത്തിൽനിന്നാണെന്നു ഒരു ധാരണയുണ്ടാക്കുന്നതു് ഒരിക്കലും ഭാരതീയോചിതമല്ല. ഈ വിഷയത്തിൽ കാവ്യനിരൂപകന്മാരും മനസ്സിരുത്തേണ്ടതാണ്. ശ്ലേഷവും മററും പിടിച്ചു ചില്ലറ ധ്വനികാര്യങ്ങൾ സാധിക്കുന്ന കവികളുടെ കലാകൌശലത്തെ വാനോളം പുകഴ്ത്തുന്നതു എത്രയോ ബാലിശം. ചുരുക്കത്തിൽ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളോടു നേരിട്ടുനിന്നു ജനകീയസാഹിത്യ നിർമ്മാണത്തിൽ ഏർപ്പെടുന്ന ഇന്നത്തെ പുരോഗാമികളായ സാഹിത്യകാരന്മാരെ എല്ലാംകൊണ്ടും അഭിനന്ദിക്കേണ്ടതാണ്. ഔചിത്യവിലോപം—അതു വരാതെ സൂക്ഷിച്ചാൽ അവരുടെ ശ്രമത്തിൽനിന്നു പല വൻനേട്ടങ്ങളും നമുക്കുണ്ടാകാം. അവരുടെ കൂട്ടത്തിൽ വിവിധ സിദ്ധാന്തക്കാർ ഉണ്ടാകും. അതുകൊണ്ടു ഉത്തമങ്ങളായ മാനവസംഘടനകൾക്കു കോട്ടാവരുമെന്നു പേടിക്കേണ്ടതില്ല. സംസ്കാരത്തിന്റെ സന്ദേശവാഹകരായ അവർ കോട്ടാരംതൊട്ടു കുടിൽവരെയുള്ള സകലരുടേയും അനുഭവങ്ങൾ—സുഖഭാവങ്ങൾ—സമർത്ഥമായി ഉപപാദിക്കട്ടെ പഴയ രാജകീയമായ നീതിയുടെ സ്ഥാനത്തു പുതിയ ജനകീയമായ നീതിയെ പ്രതിഷ്ഠിക്കുവാൻ അവരുത്സാഹിക്കട്ടെ. അവർക്കു കലാലോകത്തിൽ യഥാർത്ഥ സ്വാതന്ത്ര്യം അനുവദിക്കുക. ആ സ്വാതന്ത്ര്യത്തെ വിപ്ലവകാരിതയെന്നു വിളിക്കുന്നുമെങ്കിൽ വിളിച്ചുകൊള്ളുക. പ്രതിഭാവാനായ കലാകാരനിൽ വിപ്ലവകാരികൂടിയേ കഴിയൂ. വിപ്ലവത്തിൽപെട്ടു പരിഷ്കരിച്ചരൂപം കിട്ടുവാൻ വിക്ഷമിക്കുന്ന ഇന്നത്തെ ഭൌതിക ജീവിതത്തെ ഉൾക്കൊള്ളുന്ന സാഹിത്യകാരന്റെ റിയലിസം ഒട്ടാകെ വിപ്ലവത്തോടുകൂടിയതായിരിക്കും. പണ്ടു സാഹിത്യത്തിൽ നവീന കലാപരിപാടിക്കു ഉദ്ഭ്രാന്തങ്ങളായിത്തീർന്നിട്ടുള്ള കൃതികൾ വിപ്ലവപരങ്ങളായിരുന്നു.

# ഹെൻറിച്ച് ഹിംലർ



അന്നു യൂറോപ്പിന്റെ കാലനും ലോകം പിടിക്കാൻ വെമ്പിച്ച നാസി മേധാവിയും. ഇന്ന അറടി മാത്രം വിസ്താരമുള്ള ശവക്കുഴിയും പ്രതീക്ഷിച്ചു കിടക്കുന്നു.



ഇന്ത്യാ വൈസ്രോയ് വേവൽ പ്രഭുവും, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആക്ടിങ്ങ് വൈസ്രോയിയായിരുന്ന ബോംബെ ഗവർണ്ണർ ജോൺ കൊ വെല്ലിയും.

(6-ാം പേജിൽനിന്നു തുടർച്ച)

മുണ്ടായിരുന്നുവെന്നു ആരും പറയുമെന്നു തോന്നുന്നില്ല. ഒന്നിച്ചു കളിക്കുകയും തമാശ പറകയും വിഭിന്നഗൃഹങ്ങളിൽ—അല്ലെങ്കിൽ മുറിയിലെങ്കിലും—ഉറങ്ങുകയും ചെയ്തു. അങ്ങനെ അവരുടെ ജീവിതത്തിലെ ആ മലർക്കാലം കഴിഞ്ഞുപോയി. അന്നൊരിക്കലും പ്രേമമെന്തെന്നുപോലും അവർക്കു ഗ്രാഹ്യമല്ല. പെൺകുട്ടിയുടെ സുമനോഹരസ്തനയുഗങ്ങൾ താലോലിക്കുവാൻ അന്നു ആ ആൺകുട്ടി ആഗ്രഹിച്ചില്ല. തദ്വാരാ അയാളുടെ അധരപുടങ്ങളിൽ ചുംബിക്കുവാൻ അവളും ആലോചിക്കുന്നില്ല. ഏതാണ്ടു സമവയസ്കരായ അവർ ഡാർവിന്റെ ഭാഷയിൽ പ്രകൃതിരഹസ്യമാരാഞ്ഞുകൊണ്ടു — പ്രണയരഹസ്യമല്ല — ജീവിച്ചുപോന്നു.

പന്ത്രണ്ടു വർഷങ്ങൾക്കുശേഷം ആ ചെറുപ്പക്കാരെ നാം വീണ്ടും കാണുന്നു. പക്ഷെ വലിയൊരന്തരം ഇപ്പോൾ അവർക്കു വന്നിട്ടുണ്ടെന്നു മാത്രം. അതാ അവർ പരസ്പരം ചുംബിക്കുന്നു, ഇതര കാമചേഷ്ടകളെല്ലാം തന്നെ കാണിക്കുന്നു. ഇന്നവർ ഭാര്യാഭർത്താക്കന്മാരാണ്, പ്രേമപരിപൂരിതരാണ്! ഇന്നു കാണുന്ന പ്രേമം അന്നു എവിടെയായിരുന്നു? ഏതു പാരച്യൂട്ടിലാണ് ഈ അനുരാഗം ഇവരുടെയിടയിൽ വന്നിറങ്ങിയതു്?

പ്രായപൂർത്തിക്കു ശേഷം ജനനേന്ദ്രിയങ്ങൾക്കു വികാരം ഭവിക്കയും മനുഷ്യനിൽ കാമം ജനിക്കുകയും ചെയ്യുന്നു. തന്റെ പരിസരങ്ങളിലാകെ നാനാവിധമുള്ള കാമചേഷ്ടകൾ അനുദിനം മൃഗമനുഷ്യാന്തരമന്യെ അവർ കാണുന്നു. അതു നല്ലതാണെന്നു സമുദായം അനവരതം പറഞ്ഞുകൊണ്ടിരിക്കുന്നു. സക്രമം അയാൾ അവളെയും അവൾ അയാളെയും ഇഷ്ടപ്പെടുവാൻ തുടങ്ങുന്നു. അനുരാഗത്തിന്റെ കൺമയക്കുന്ന വേഷഭൂഷകളണിഞ്ഞു കറകളഞ്ഞ കാമം ഇവരുടെയിടയിൽ വർത്തിക്കുവാനാരംഭിക്കുമ്പോൾ ഹസ്തഘോഷം മുഴക്കി സമുദായം ദമ്പതികളെ ആശീർവദിക്കുകയായി.

സ്ത്രീയുടെ സൌന്ദര്യ സൌശീല്യാദികളും പുരുഷന്റെ വിഭ്രമ താപങ്ങളും കാലത്തിന്റെ പ്രവാഹത്തിൽ പെട്ടുപോയാൽ തദനന്തരമുള്ള അവരുടെ അനുരാഗത്തിന്റെ വിതാനം പൂർവവൽ ലാലൃകൃതമാകാതിരിക്കയില്ല. ആഖ്യായികകളിലും മറ്റു കാപ്രണയകഥകളിലും അനുരാഗം ആദ്യന്തം ഒട്ടും കോട്ടം തട്ടാതെയിരിക്കുന്നതു കണ്ടേക്കാം. വിഷമങ്ങളും അസുഖങ്ങളും എതിരില്ലാതെ അലതല്ലുന്ന ഈ ജീവിതവാരിധിയിൽ മനുഷ്യന്റെ ചില വികാരപ്പോളകൾക്കു സ്ഥൈര്യം കല്പിക്കുന്നതു എത്രയേറെ ഔചിത്യമേറിയതാകുമെന്നു ആലോചിച്ചു നോക്കേണ്ടതാണ്. എച്ച്. ജി. വെത്സ് Time Machine എന്ന തന്റെ ഒരു ഗ്രന്ഥത്തിലും "ദി ഹൌസ് ഓഫ് കൊസിൻസ്കി" എന്ന എണ്ണപ്പെട്ട ആ ജെർമ്മൻ ആഖ്യായികയിലും പ്രേമത്തിന്മേൽ 'സമയം' വരുത്തിക്കൂട്ടുന്ന രൂപഭേദങ്ങളെ തന്മയത്വത്തോടെ വർണ്ണിച്ചിട്ടുണ്ട്.

ഇതരജന്തുക്കൾ ഒന്നുമില്ലാത്ത ഒരു സ്ഥലത്തു ഒരു മനുഷ്യനെ അയാളുടെ ബാല്യകാലം മുതൽ ബാഹ്യലോകവുമായി യാതൊരു ബന്ധവുമില്ലാതെ അധിവസിക്കാൻ നിശ്ചയിക്കുന്നുവെന്നു വിചാരിക്കുക. അങ്ങനെ ഒരു പ്രത്യേക പരിതസ്ഥിതിയിൽ ജീവിക്കുന്ന ഒരു വ്യക്തിക്കു കാമം അജ്ഞാതവും പ്രണയശൃംഗാരാദികൾ പുത്തരിയുമായിപ്പരിണമിക്കുമെന്നാണു ആധുനിക മനോശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിമതം.

കണ്ടും കേട്ടും മനുഷ്യൻ കാമത്തെപ്പററി പഠിക്കുന്നു; അതിനെ അജ്ഞന്മാർ ദുർദ്ദേവതകളെ ആരാധിക്കുന്നതുപോലെ പ്രണയസ്തോത്രങ്ങൾ ചൊല്ലി പൂജിക്കുകയും, ചിലപ്പോൾ, അതിനു മുന്നിൽ വെറും മൃഗീയവും അപരിഷ്കൃതകാലത്തിന്റെ അടിസ്ഥാനചിഹ്നവുമായ നരബലിപോലും നൽകുകയും ചെയ്യുന്നതു കാണുമ്പോൾ സന്തപിക്കയല്ലാതെ നമുക്കെന്തു ചെയ്യാം? അവനുവേണ്ടി അവളും അവൾക്കുവേണ്ടി അവനും വിഷം കുടിക്കുകയോ തൂങ്ങിച്ചാവുകയോ ചെയ്യുന്നതു ഭീരുത്വംകൊണ്ടല്ലെങ്കിൽ മറെറന്തുമൂലമാണ്?

പ്രകൃതി കൊടുക്കുന്ന സ്വാതന്ത്ര്യം മുഴുവൻ അനുഭവിച്ചിരുന്ന ഒരു കാലം മനുഷ്യനു ഉണ്ടായിരുന്നു. കൃത്രിമസൌന്ദര്യം കേവലം അജ്ഞാതമായിരുന്ന അക്കാലത്തു പ്രകൃതിസൌന്ദര്യത്തെയാസ്വദിക്കുവാനും അതുകൊണ്ടു അലംഭാവമണയാനും അയാൾക്കവശമുണ്ടായിരുന്നു. ലജ്ജയുടെയും സത്യധർമ്മാദികളുടേയും വ്യാജവേഷമണിഞ്ഞ സ്വാർത്ഥഭീരുത്വാദികൾ അയാൾക്കു അഭിലഷണിയമായിരുന്നില്ല. പ്രകൃതി ജനിപ്പിച്ച വികാരത്തെ നാഗരീകതയുടെ ചാണയിലുരച്ചു മാററു നോക്കുവാൻ അയാൾ വൈമുഖ്യം പ്രദർശിപ്പിച്ചു. ബ്രഹ്മാവിനു താൻ സൃഷ്ടിച്ച സരസ്വതിയെ വിവാഹം ചെയ്യാം! ആദമിന്റെ ഭാര്യ അയാളുടെ ഒരു വാരിയെല്ലിനാൽ നിർമ്മിതയായവളാണ്! ആദമിന്റെ മകൾ അവളുടെ സ്വന്തം സഹോദരനെ വിവാഹം ചെയ്യാതിരിക്കുകയും അവരുടെ അടുത്ത തലമുറയും അനന്തരഗാമികളും അല്പാല്പം വ്യത്യാസത്തോടെ അതിനെ അനുകരിക്കുകയും ചെയ്യിരുന്നില്ലെങ്കിൽ ക്രിസ്തുവും മററും മററും ഈ ഭൂമിയിൽ എങ്ങനെ ഉണ്ടാകുന്നു ആവോ? എന്തിനു അത്രയും പിന്നോട്ടു പോകുന്നു? എസ്കിമോക്കാർ ഇന്നും നമ്മുടെ പരിഷ്കാരത്തെ ആപാദചൂഡം വകവെച്ചു തരുവാൻ തയ്യാറില്ലെന്നു അനുഭവസിദ്ധന്മാർ പ്രസ്താവിക്കുന്നു. സഗോത്രവിവാഹം അവർക്കു സാധാരണമാണ്. പ്രകൃതിയിൽനിന്നു ആരംഭിച്ച മനുഷ്യൻ പ്രകൃതിയിൽത്തന്നെ പരിപൂർണ്ണ സംതൃപ്തിയോടെ അവിടെ വാണരുളുന്നു. വർഗ്ഗവിദ്വേഷമോ, ജാതിസ്പർദ്ധയോ, സാമുദായിക മത്സരങ്ങളോ, അന്തർരാഷ്ട്രീയ യുദ്ധങ്ങളോ, ഇവരുടെ പ്രാചീന സമ്പ്രദായങ്ങളെ ഇന്നോളം തകിടം മറിച്ചിട്ടില്ലത്രെ.

വിഭവസമൃദ്ധവും വിസ്തൃതവുമായ ഈ ഭൂമിയിൽ നിരവധി രാജപാതകൾ മനുഷ്യനു തുറന്നു കിടക്കുന്നുണ്ട്. അന്യനെ അലട്ടാതെ, ഏതെങ്കിലും ഒരു വഴി തിരഞ്ഞെടുത്തു അവനു യാത്ര തുടരാം. ഒരുപക്ഷെ അവനു ലഭിച്ച വഴി പരുക്കൻ കണ്ടകാകീർണ്ണമായിരിക്കാം. അതിലൂടെ സഞ്ചരിച്ചു ആ സാധാരണ മനുഷ്യനും, ലോകത്തെ വിറപ്പിച്ച അവന്റെ ഒരു സഹോദരനും അവസാനം ഒരേ ഗൃഹത്തിൽത്തന്നെ വന്നണയുന്നു. മരണം വിരിച്ചിട്ടിരിക്കുന്ന പുല്പായയുടെ ഒരു കോണെങ്കിലും നിറക്കുവാൻ അഥിതികൾ അവിടെ എത്തിയിട്ടില്ല. എനിക്കും നിങ്ങൾക്കും അവിടെ സ്വാഗതമുണ്ട്.

ഓരോ നേരംപോക്കുകൾ പറയുകയും ഇടക്കു വല്ലതുമൊക്കെ ആസ്വദിക്കുകയും ചെയ്യുന്നതായാൽ പാഥികനു യാത്രാക്ലേശം സഹിക്കേണ്ടിവരികയില്ല. പ്രത്യുത ഭക്ഷിക്കാതെയും, പാനം ചെയ്യാതേയും, സ്വപാദയുഗളങ്ങൾ പരനിയന്ത്രണാധീനമാക്കിയും അശുഭപര്യവസായിയായ ഒരു കഥ മാത്രം സ്വപ്നം കണ്ടുകൊണ്ടും പോവുന്ന യാത്രക്കാരൻ ബഹുജനദൃഷ്ട്യാ തൽക്കാലം അനുഭൂതനായെങ്കിലും, കാലക്രമേണ അവഹേളിതനും അനുകമ്പാനർഹനുമായിച്ചമയുമെന്നു രഷ്യയും ഭാവിയും നമ്മെ ഉൽബോധിപ്പിക്കുന്നു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.